2026 OCTOBER 12

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: ...alayalee.com | Phone: 917 324 4907; 917 662 1122



# സംരംഭകത്വത്തിന്റെ പുതിയ ആകാശങ്ങളിലേക്ക്

# ഷിനു ജോസഫ്



## "മരണത്തിന്റെ നിമിഷത്തിൽ സംഭവിക്കുന്നത്"


MALABAR
GOLD & DIAMONDS
THE SEASON OF
JEWELLERY
THE SEASON OF
OFFERS
SAVE UP TO
50%
ON MAKING CHARGES OF GOLD (22K)
UNCUT DIAMOND, POLKI &
PRECIOUS GEM JEWELLERY
T&C Apply*

# സംരംഭകത്വത്തിന്റെ പുതിയ ആകാശങ്ങളിലേക്ക് ഷിനു ജോസഫ്



**മീട്ടു റഹ്മത്ത് കലാം**

പതിനാറാം വയസ്സിൽ ഒരു ഡിസൈനിങ് സെന്ററിന് തുടക്കമിട്ട് സംരംഭകത്വത്തിന്റെ വഴിയിലേക്ക് കടന്ന ഷിനു ജോസഫ് ഇന്ന് റീട്ടെയിൽ വ്യാപാരം മുതൽ വ്യോമയാനം വരെ നീളുന്ന വൈവിധ്യമാർന്ന മേഖലകളിൽ സാന്നിധ്യ മുറപ്പിച്ചിരിക്കുകയാണ്. സോഫ്റ്റ്‌വെയർ എൻജിനീയറായി അമേരിക്കയിലെത്തിയ അദ്ദേഹം, പുതിയ അവസരങ്ങൾ കണ്ടെത്തിയും വെല്ലുവിളികൾ ഏറ്റെടുത്തും വ്യത്യസ്ത മേഖലകളിൽ സംരംഭങ്ങൾ കെട്ടിപ്പടുത്തു. സംരംഭക മികവിനുള്ള അംഗീകാരമായി 2017-ൽ ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റിയുടെ 'എന്റർപ്രണർ ഓഫ് ദി ഇയർ' പുരസ്കാരം നേടിയ ഷിനുവിനെ ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലിയും ആദരിച്ചു. ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ ഡോ. ടെറൻസ് മർഫിയിൽനിന്നും അദ്ദേഹം പുരസ്കാരം ഏറ്റുവാങ്ങി. സ്വകാര്യ വിമാന ചാർട്ടറിങ് മേഖലയിലേക്ക് ചുവടുവയ്ക്കുമ്പോൾ തന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകളിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഷിനുവിന്റെ സംരംഭകജീവിതം, പുതുമയോടുള്ള ആഭിമുഖ്യത്തിന്റെയും നവീന മേഖലകൾ കണ്ടെത്താനുള്ള ധൈര്യത്തിന്റെയും തെളിവാണ്...

***കുമരകത്ത് ജനിച്ച് കോതമംഗലത്ത് വളർന്ന ബാല്യകാലത്തുനിന്ന് തുടങ്ങാം. ഒരു സംരംഭകനായി മാറാനുള്ള താൽപര്യം എങ്ങനെയാണ് രൂപപ്പെട്ടത്? കുടുംബാന്തരീക്ഷം അതിന് പ്രചോദനമായിരുന്നോ?***

പ്രത്യേകിച്ച് അങ്ങനെ ഒരു പ്രചോദനമുണ്ടായിരുന്നുവെന്ന് പറയാനാവില്ല. സാധാരണ കുടുംബാന്തരീക്ഷമായിരുന്നു. എന്നാൽ എന്റെ മുത്തച്ഛൻ കുമരകത്ത് നിന്ന് കൊപ്ര ആലപ്പുഴയിൽ എത്തിച്ചിരുന്നതായി കേട്ടിട്ടുണ്ട്. മുത്തച്ഛന്റെ ബിസിനസ് സംസ്കാരത്തിന്റെ സ്വാധീനം എങ്ങനെയെങ്കിലും എന്നിലേക്ക് എത്തിയിട്ടുണ്ടാകാം. കുടുംബത്തിലെ മറ്റുള്ളവരൊക്കെ സ്ഥിരാവരുമാനമുള്ള ജോലിയാണ് തിരഞ്ഞെടുത്തത്. അച്ഛനും ബന്ധുക്കളുമൊക്കെ പഠിച്ച് നല്ല ജോലി നേടണമെന്ന് മാത്രമേ ഉപദേശിച്ചിട്ടുള്ളു. സംരംഭകത്വത്തെക്കുറിച്ച് വീട്ടിൽ വലിയ ചർച്ചകളുണ്ടായിരുന്നില്ല. പക്ഷേ ചെറുപ്പം മുതൽ സ്വന്തമായി എന്തെങ്കിലും ചെയ്യണമെന്ന താൽപര്യം എനിക്കുണ്ടായിരുന്നു.

***പതിനാറാം വയസ്സിൽ തന്നെ മൂവാറ്റുപുഴയിൽ 'ബിൽബെർമാൻ' എന്ന പേരിൽ ഡിസൈനിങ് ആൻഡ് സ്റ്റിച്ചിങ് സെന്റർ ആരംഭിച്ചു. ആ പ്രായത്തിൽ അങ്ങനെയൊരു സംരംഭത്തെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ചതെന്താണ്?***

പ്രീഡിഗ്രിക്ക് പഠിക്കുന്ന കാലത്താണ് അത് തുടങ്ങിയത്. സാധാരണ തയ്യൽക്കട എന്നതിലുപരി ഒരു ഡിസൈനിങ് സെന്റർ എന്ന ആശയമാണ് ഞങ്ങൾ മുന്നോട്ടുവച്ചത്. അന്നത്തെ കാലത്ത് ഇന്നത്തെപ്പോലെയുള്ള ബുട്ടിക്കുകളും ഫാഷൻ ഡിസൈനിങ് സ്ഥാപനങ്ങളും വ്യാപകമായിരുന്നില്ല. എന്നാൽ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് വ്യത്യസ്തമായ ഡിസൈനുകളും പാറ്റേണുകളും ഒരുക്കാൻ ഞങ്ങൾ ശ്രമിച്ചു.



സിനിമാതാരങ്ങൾ ധരിക്കുന്ന തരത്തിലുള്ള വ്യത്യസ്ത ഷർട്ടുകളും കോളറുകളും പോക്കറ്റുകളുമൊക്കെ രൂപകൽപ്പന ചെയ്തിരുന്നു. നാല് ജീവനക്കാരുണ്ടായിരുന്നു. അന്നത്തെ സാഹചര്യത്തിൽ വ്യത്യസ്തമായൊരു പരീക്ഷണമായിരുന്നു അത്.

എന്നാൽ പഠനത്തിനായി പിന്നീട് കോതമംഗലത്തേക്ക് മാറിയപ്പോൾ സ്ഥാപനം തുടർന്നുകൊണ്ടു പോകാൻ കഴിഞ്ഞില്ല. വീട്ടുകാർക്ക് ഞാൻ പഠിച്ച് നല്ല ജോലി നേടണമെന്നായിരുന്നു ആഗ്രഹം. അതുകൊണ്ട് ആ സംരംഭത്തിന് താൽക്കാലികമായി വിരാമമിട്ടു.

***പിന്നീട് 'നെപ്പോളിയൻ' എന്ന പേരിൽ ഓട്ടോ ട്രാൻസ്പോർട്ടേഷൻ സംരംഭം ആരംഭിച്ചല്ലോ. ആ അനുഭവത്തെക്കുറിച്ച് പറയാമോ?***

ഡിഗ്രിക്ക് പഠിക്കുന്ന സമയത്താണ് ഒരു സുഹൃത്തിനൊപ്പം ഓട്ടോറിക്ഷകൾ വാങ്ങി സർവീസ് നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചത്. ഒരു വാഹനം വാങ്ങി ഡ്രൈവറെ നിയമിച്ച് പ്രവർത്തിപ്പിച്ചാൽ ലാഭകരമാകുമോ എന്നായിരുന്നു ആദ്യത്തെ ചർച്ച.

അക്കാലത്ത് കേരളത്തിൽ പുതിയ ഓട്ടോറിക്ഷകൾ ലഭിക്കാൻ ഏറെ കാലതാമസമുണ്ടായിരുന്നു. ഒന്നര മുതൽ രണ്ടുവർഷം വരെ കാത്തിരിക്കേണ്ട സാഹചര്യം പോലുമുണ്ടായിരുന്നു. എന്നാൽ ബംഗളൂരുവിലും ആന്ധ്രയിലുമൊക്കെ വാഹനങ്ങൾ വേഗത്തിൽ ലഭിക്കുമായിരുന്നു. അവിടെനിന്ന് വാഹനങ്ങൾ വാങ്ങി കേരളത്തിലേക്ക് കൊണ്ടുവരുന്ന രീതിയിലേക്ക് ഞങ്ങൾ മാറി.



ആദ്യം ഒന്നോ രണ്ടോ വാഹനങ്ങളായിരുന്നു. പിന്നീട് വാഹനങ്ങളുടെ എണ്ണം വർധിച്ചു. കോതമംഗലം പോലൊരു ചെറിയ പട്ടണത്തിൽ ഞങ്ങളുടെ വാഹനങ്ങൾ ശ്രദ്ധേയമായ സാന്നിധ്യമായി. ഓഫീസ് ആരംഭിക്കുകയും മെക്കാനിക് ഷോപ്പ് സ്ഥാപിക്കുകയും ചെയ്തു. ഡ്രൈവർമാരുൾപ്പെടെ നിരവധി

ആളുകൾക്ക് തൊഴിൽ നൽകാനും സാധിച്ചു.

ഡിഗ്രി പഠനം പൂർത്തിയാക്കിയ ശേഷം ഉപരിപഠനത്തിനായി കേരളത്തിന് പുറത്തേക്ക് പോകേണ്ടി വന്നതോടെയാണ് ഈ സംരംഭം അവസാനിപ്പിക്കേണ്ടിവന്നത്.

***അതേ കാലയളവിൽ ഫിനാൻസ് മേഖലയിലും പ്രവർത്തിച്ചിരുന്നല്ലോ. അത്തരം സംരംഭത്തിലേക്ക് എത്തിയത് എങ്ങനെയാണ്?***

ഓട്ടോറിക്ഷകൾ വാങ്ങുന്നതിനും മറ്റു ആവശ്യങ്ങൾക്കുമായി ധനസഹായം കണ്ടെത്തേണ്ടിവന്നിരുന്നു. അന്നത്തെ സാഹചര്യത്തിൽ ബാങ്കുകളിൽനിന്ന് വായ്പ ലഭിക്കുക ഇന്നത്തെപ്പോലെ എളുപ്പമായിരുന്നില്ല. അങ്ങനെയാണ് ഫിനാൻസ് മേഖലയിലെ സാധ്യതകൾ മനസ്സിലാക്കിയത്.

പിന്നീട് ഇരുപതോളം പേരെ ഉൾപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിച്ച് 'റിയൽ ടൈം ഫിനാൻസ്' എന്ന സ്ഥാപനം ആരംഭിച്ചു. സ്വന്തം കെട്ടിടം വാങ്ങി ഓഫീസ് പ്രവർത്തിപ്പിക്കുകയും ഡയറക്ടറായി സേവനമനുഷ്ഠിക്കുകയും ചെയ്തു. ബിസിനസ് നടത്തുന്നതിനൊപ്പം വിവിധ മേഖലകളിലുള്ള ആളുകളുമായി ബന്ധങ്ങൾ സ്ഥാപിക്കാനും കഴിഞ്ഞു.

ഈ അനുഭവങ്ങളൊക്കെ പിന്നീട് അമേരിക്കയിൽ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ വലിയ സഹായമായി. പുതിയ ആളുകളെ പരിചയപ്പെടാനും അവസരങ്ങൾ തിരിച്ചറിയാനും ബന്ധങ്ങൾ വളർത്താനും എനിക്ക് എപ്പോഴും താൽപര്യമുണ്ടായിരുന്നു.

***പഠനകാലത്ത് കെ.എസ്.യു. പ്രവർത്തനങ്ങളിലും എൻ.എസ്.എസ്. വഴിയുള്ള സാമൂഹിക സേവനത്തിലും സജീവമായിരുന്നല്ലോ. ഈ അനുഭവങ്ങൾ വ്യക്തിത്വത്തെ എത്രത്തോളം സ്വാധീനിച്ചു?***

കോളജ് കാലത്ത് സംഘടനാ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. കോതമംഗലം എം.എ കോളജിൽ കെ.എസ്.യു. യൂണിറ്റ് ട്രഷററായി പ്രവർത്തിച്ചു. കോളജ് മാഗസിൻ എഡിറ്റർ, അസോസിയേഷൻ സെക്രട്ടറി തുടങ്ങിയ ചുമതലകളും വഹിച്ചു. എൻ.എസ്.എസ്. വഴി സാമൂഹിക സേവന പ്രവർത്തനങ്ങളിലും പങ്കെടുത്തു.

പഠനത്തിനൊപ്പം ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് ആളുകളുമായി ഇടപെടാനും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനും സഹായിച്ചു. വ്യത്യസ്ത അഭിപ്രായങ്ങളുള്ളവരുമായി സംസാരിക്കാനും കൂട്ടായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും പഠിച്ചു. പിന്നീട് ബിസിനസിലും സംഘടനാ നേതൃത്വത്തിലും ഈ അനുഭവങ്ങൾ പ്രയോജനപ്പെട്ടു.





***കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷം അമേരിക്കയിലെത്തിയത് എങ്ങനെയാണ്? സോഫ്റ്റ്‌വെയർ എൻജിനീയറുടെ ജോലി മാത്രം ചെയ്യുന്നതിൽ ഒതുങ്ങാതിരുന്നതെന്തുകൊണ്ട്?***

ബാംഗ്ലൂർ സെന്റ് ജോസഫ്സ് കോളേജിൽനിന്ന് കമ്പ്യൂട്ടർ ഡിപ്ലോമ പൂർത്തിയാക്കിയശേഷം മഹാരാഷ്ട്രയിലെ ശിവാജി സർവകലാശാലയിൽനിന്ന് മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എം.സി.എ.) നേടി. തുടർന്ന് ബാംഗ്ലൂരിൽ സോഫ്റ്റ്‌വെയർ രംഗത്ത് പ്രവർത്തിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതിനിടെയാണ് അമേരിക്കയിലേക്ക് പോകാനുള്ള അവസരം ലഭിച്ചത്. 2002-ലാണ് അമേരിക്കയിലെത്തിയത്.

സോഫ്റ്റ്‌വെയർ മേഖലയിൽ ജോലി ചെയ്യുന്നതിനൊപ്പം ബിസിനസിനുള്ള സാധ്യതകളും അന്വേഷിച്ചുകൊണ്ടിരുന്നു. അമേരിക്കയിലെ റീട്ടെയിൽ മേഖലയിലെ അവസരങ്ങൾ മനസ്സിലാക്കിയപ്പോൾ ആ രംഗത്തേക്കും കടക്കാമെന്ന് തീരുമാനിച്ചു.

ന്യൂയോർക്കിലെ ന്യൂ റോഷെലിൽ ഒരു കൺവീനിയൻസ് സ്റ്റോറിലൂടെയായിരുന്നു തുടക്കം. പിന്നീട് വിവിധ നഗരങ്ങളിലായി കൺവീനിയൻസ് സ്റ്റോറുകൾ, ലിക്വർ സ്റ്റോർ, ഫർണിച്ചർ സ്റ്റോർ തുടങ്ങി വ്യത്യസ്ത സംരംഭങ്ങളിലേക്ക് വളർന്നു. ഒരു ഘട്ടത്തിൽ പത്തോളം സ്ഥാപനങ്ങൾ സ്വന്തമായി നടത്താൻ കഴിഞ്ഞു.

***അമേരിക്കയിൽ ബിസിനസ് ആരംഭിച്ചപ്പോൾ മലയാളി സമൂഹത്തിന്റെ പിന്തുണ എത്രത്തോളം ലഭിച്ചു?***

**കുട്ടികളെ ജോലിക്കാരാകാൻ മാത്രം വളർത്തരുത്, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നവരാകാനുള്ള ചിന്തയും അവരിൽ വളർത്തണം എന്നാണ്. അവർക്ക് താൽപര്യമുള്ള മേഖലകൾ കണ്ടെത്താനും പുതിയ ആശയങ്ങൾ പരീക്ഷിക്കാനും സ്വാതന്ത്ര്യം നൽകണം.**

അമേരിക്കയിൽ പുതുതായി എത്തുന്നവർക്ക് പല സാമ്പത്തിക പരിമിതികളുമുണ്ടാകും. വീട് വാങ്ങുമ്പോൾ ഡൗൺ പേയ്മെന്റ് നൽകണം, പിന്നീട് അറ്റകുറ്റപ്പണികൾക്കായി പണം കണ്ടെത്തണം. അതിനുശേഷം ഫർണിച്ചർ വാങ്ങാനുള്ള സാമ്പത്തിക സൗകര്യം പലർക്കും ഉണ്ടാകണമെന്നില്ല. ബാങ്കുകളിൽനിന്ന് വായ്പ ലഭിക്കുന്നതിലും ചിലർക്ക് ബുദ്ധിമുട്ടുണ്ടാകും.

ഇത്തരം സാഹചര്യങ്ങളിൽ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ആളുകളെ സഹായിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. പരിചയമുള്ള ചിലർക്ക് വ്യക്തിപരമായ വായ്പകൾ നൽകുകയും ചെയ്തിട്ടുണ്ട്. അവർ കൃത്യമായി തിരിച്ചടച്ച അനുഭവമാണുള്ളത്.

മലയാളികൾക്ക് മലയാളികളുമായി ആശയവിനിമയം നടത്താൻ എളുപ്പമാണ്. സ്വന്തം ഭാഷയിൽ സംസാരിക്കാനും വിശ്വാസത്തോടെ ഇടപാടുകൾ നടത്താനും കഴിയുന്നത് വലിയ കാര്യമാണ്. വീട് വാങ്ങുമ്പോൾ മലയാളി റിയൽ എസ്റ്റേറ്റ് ഏജന്റിനെ സമീപിക്കുന്നതും വായ്പയ്ക്കായി മലയാളി ബ്രോക്കറെ തേടുന്നതും ഇവിടെ സാധാരണമാണ്. അതുപോലെ മലയാളി സംരംഭങ്ങളെയും നമ്മുടെ സമൂഹം പിന്തുണയ്ക്കുന്നുണ്ട്.

പുതുതായി എത്തുന്നവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവരോട് വിശ്വാസത്തോടെ ഇടപെടാൻ കഴിയുന്നത് ഞങ്ങളുടെ ബിസിനസുകൾ വളരാൻ സഹായിച്ചു.

***2017-ൽ ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റിയുടെ 'എന്‍ട്രപ്രണർ ഓഫ് ദി ഇയർ' പുരസ്കാരം ലഭിച്ചു. ആ അംഗീകാരത്തെ എങ്ങനെ കാണുന്നു?***

ആ പുരസ്കാരത്തിന് എന്നെ തിരഞ്ഞെടുത്തത് അവർ നേരിട്ട് വിളിച്ച് അറിയിക്കുകയായിരുന്നു. അമേരിക്കയിലെത്തിയശേഷം കുറഞ്ഞ കാലയളവിൽ വിവിധ ബിസിനസുകൾ വളർത്തിയതും നേടിയ പുരോഗതിയും അവർ വിലയിരുത്തിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ ഡോ. ടെറൻസ് മർഫിയിൽനിന്ന് പുരസ്കാരം ഏറ്റുവാങ്ങി. അതേ ചടങ്ങിൽ ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലിയുടെ പ്രശസ്തിപത്രവും ലഭിച്ചു. അംഗീകാരം സന്തോഷം നൽകിയെങ്കിലും, അതിലുപരി സമൂഹത്തിനുവേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള ഉത്തരവാദിത്വമായാണ് ഞാൻ അതിനെ കാണുന്നത്.

***അമേരിക്കൻ മലയാളി യുവാക്കൾക്ക് സംരംഭകരാകാനുള്ള സാധ്യതകൾ എങ്ങനെയാണ് കാണുന്നത്? അവർ കൂടുതലും സ്ഥിര വരുമാനമുള്ള ജോലികൾക്ക് മുൻഗണന നൽകുന്നുവെന്ന വിമർശനമുണ്ട്.***

അമേരിക്കയിലെ മലയാളി സമൂഹം പൊതുവെ തൊഴിൽസുരക്ഷയ്ക്ക് വലിയ പ്രാധാന്യം



നൽകുന്നവരാണ്. ഡോക്ടർ, എൻജിനീയർ, അഭിഭാഷകൻ, നഴ്സ്, ഫാർമസിസ്റ്റ് തുടങ്ങിയ ജോലികളിലേക്ക് മക്കളെ നയിക്കാനാണ് പല മാതാപിതാക്കളും ആഗ്രഹിക്കുന്നത്. അതിൽ തെറ്റില്ല. എന്നാൽ സംരംഭകരാകാനുള്ള സാധ്യതകൾ കുട്ടികൾക്ക് പരിചയപ്പെടുത്താത്തതാണ് പ്രശ്നം.

ഞാൻ പലപ്പോഴും പറയാറുള്ളത്, കുട്ടികളെ ജോലിക്കാരാകാൻ മാത്രം വളർത്തരുത്, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നവരാകാനുള്ള ചിന്തയും അവരിൽ വളർത്തണം എന്നാണ്. അവർക്ക് താൽപര്യമുള്ള മേഖലകൾ കണ്ടെത്താനും പുതിയ ആശയങ്ങൾ പരീക്ഷിക്കാനും സ്വാതന്ത്ര്യം നൽകണം.

നമ്മുടെ സമൂഹത്തിൽ ആമസോണിലോ ആപ്പിളിലോ ജോലി ചെയ്യുന്ന വ്യക്തിക്ക് ലഭിക്കുന്ന അംഗീകാരവും ഒരു ബിസിനസ് നടത്തുന്ന വ്യക്തിക്ക് ലഭിക്കുന്ന അംഗീകാരവും പലപ്പോഴും വ്യത്യസ്തമാണ്. ഐടി കമ്പനിയിൽ ചെറിയ ശമ്പളത്തിൽ ജോലി ചെയ്യുന്ന മകനെക്കുറിച്ച് അഭിമാനത്തോടെ പറയുന്ന മാതാപിതാക്കൾ, സ്വന്തമായി ബേക്കറിയോ കടയോ നടത്തുന്ന മകനെക്കുറിച്ച് അതേ അഭിമാനം പ്രകടിപ്പിക്കണമെന്നില്ല. വിവാഹാലോചനകളിലും സാമൂഹിക ബന്ധങ്ങളിലും ഇത്തരം കാഴ്ചപ്പാടുകൾ സ്വാധീനം ചെലുത്താറുണ്ട്.

ഈ മനോഭാവം മാറണം. ഒരു വ്യക്തി ജോലി ചെയ്യുന്നതാണോ ജോലി നൽകുന്നതാണോ നല്ലതെന്ന് മനസ്സിലാക്കിയതാണ് അമേരിക്കയിലെ ഗുജറാത്തികളും പഞ്ചാബികളും സംരംഭക മേഖലയിൽ കൂടുതൽ തിളങ്ങാൻ കാരണം.

***അമേരിക്കയിലെ മലയാളി സംഘടനകളിലും സജീവമാണല്ലോ. ഫോമായുടെ ദേശീയ ട്രഷറർ എന്ന നിലയിലുള്ള പ്രവർത്തനത്തെക്കുറിച്ച് പറയാമോ?***

യോങ്കേഴ്സ് മലയാളി അസോസിയേഷനിൽ സജീവമായി പ്രവർത്തിക്കുകയും രണ്ടുവർഷം പ്രസിഡന്റായി സേവനമനുഷ്ഠിക്കുകയും ചെയ്തു. പിന്നീട് അമേരിക്കയിലെ മലയാളി സംഘടനകളുടെ ദേശീയ കൂട്ടായ്മയായ ഫോമായിലും സജീവമായി പ്രവർത്തിച്ചു. 2018–2020 കാലയളവിൽ ദേശീയ ട്രഷററായിരുന്നു.



ഫോമായുടെ പ്രവർത്തനങ്ങളിൽ സാമൂഹിക സേവനത്തിന് വലിയ പ്രാധാന്യമുണ്ട്. 2018-ലെ കേരള പ്രളയത്തിനുശേഷം ഭവനരഹിതരായ കുടുംബങ്ങൾക്ക് വീടുകൾ നിർമിച്ചുനൽകുന്നതിനായി ആരംഭിച്ച ഫോമാ വില്ലേജ് പദ്ധതിയിൽ സാമ്പത്തികവും സംഘടനാപരവുമായ ഏകോപനത്തിന് പങ്കുവഹിക്കാൻ കഴിഞ്ഞു.

ഏകദേശം മൂന്നു ലക്ഷം ഡോളർ ചെലവിൽ തിരുവല്ലയിൽ നാൽപ്പതിലധികം വീടുകൾ ഉൾപ്പെടുന്ന പദ്ധതി നടപ്പാക്കുന്നതിൽ സംഘടനയുടെ ഭാഗമായുള്ള പ്രവർത്തനം ഏറെ സംതൃപ്തി നൽകിയ അനുഭവമാണ്. ബിസിനസിലൂടെ വളരുന്നതുപോലെ തന്നെ സമൂഹത്തിന് തിരികെ നൽകുന്നതും പ്രധാനമാണ്.

***വ്യോമയാന മേഖലയിലേക്കുള്ള ചുവടുവെപ്പ് താങ്കളുടെ സംരംഭക ജീവിതത്തിലെ ശ്രദ്ധേയമായൊരു മാറ്റമാണ്. സ്കൈ ഫ്ലൈറ്റ് ഏവിയേഷൻ എന്ന ആശയത്തിലേക്ക് എത്തിയത് എങ്ങനെയാണ്?***

2018-ൽ സ്വന്തമായി ഒരു വിമാനം വാങ്ങിയതോടെയാണ് വ്യോമയാന മേഖലയോടുള്ള താൽപര്യം കൂടുതൽ ശക്തമായത്. വിമാനവുമായി ബന്ധപ്പെട്ട പരിചയങ്ങളും ഈ മേഖലയിലെ ആളുകളുമായുള്ള ബന്ധങ്ങളും പുതിയ സാധ്യതകൾ തുറന്നു.

കോവിഡ് കാലത്ത് സ്വകാര്യ വിമാനയാത്രാ മേഖലയിലുണ്ടായ വളർച്ചയും ഞാൻ ശ്രദ്ധിച്ചു. വാണിജ്യ വിമാനങ്ങളിൽ യാത്ര ചെയ്യുന്നതിനു പകരം സ്വകാര്യ ചാർട്ടർ വിമാനങ്ങൾ തിരഞ്ഞെടുക്കുന്നവരുടെ എണ്ണം വർധിച്ചു. സമയം ലാഭിക്കാനും കൂടുതൽ സ്വകാര്യതയോടെ യാത്ര ചെയ്യാനും കഴിയുന്നതാണ് ഇതിന്റെ പ്രധാന ആകർഷണങ്ങൾ.

ഈ മേഖലയെക്കുറിച്ച് പഠിച്ചപ്പോൾ ദീർഘകാല വളർച്ചയ്ക്കുള്ള സാധ്യതകൾ കണ്ടു. അതിന്റെ

അടിസ്ഥാനത്തിലാണ് ഫ്ലോറിഡ ആസ്ഥാനമായി സ്കൈ ഫ്ലൈറ്റ് ഏവിയേഷൻ ആരംഭിക്കാനുള്ള തീരുമാനമെടുത്തത്. ആവശ്യമായ പൈലറ്റുമാരെയും വ്യോമയാന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിദഗ്ധരെയും ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയി. ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷന്റെ (എഫ്.എ.എ.) അംഗീകാരത്തിനായുള്ള നടപടികൾ പൂർത്തിയാക്കാൻ സമയമെടുത്തു. ആവശ്യമായ അംഗീകാരങ്ങൾ ലഭിച്ചതോടെ കമ്പനിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനുള്ള ഒരുക്കത്തിലാണ്.

***സ്വകാര്യ ചാർട്ടർ വിമാനയാത്രയുടെ പ്രധാന നേട്ടങ്ങൾ എന്തൊക്കെയാണ്? സാധാരണ വിമാന യാത്രയിൽനിന്ന് ഇത് എങ്ങനെ വ്യത്യസ്തമാണ്?***

സമയലാഭമാണ് പ്രധാന നേട്ടം. സാധാരണ വിമാനയാത്രയിൽ ചെക്ക്-ഇൻ, സുരക്ഷാ പരിശോധന, ബോർഡിങ് തുടങ്ങിയ നടപടികൾക്കായി സമയം ചെലവഴിക്കണം. സ്വകാര്യ ചാർട്ടർ യാത്രയിൽ യാത്രക്കാരുടെ ആവശ്യത്തിനനുസരിച്ച് യാത്ര ക്രമീകരിക്കാനാകും. അനുയോജ്യമായ വിമാനത്താവളത്തിൽനിന്ന് യാത്ര ആരംഭിക്കാനും ലക്ഷ്യസ്ഥാനത്തോട് അടുത്തുള്ള വിമാനത്താവളം തിരഞ്ഞെടുക്കാനും ചില സാഹചര്യങ്ങളിൽ സാധിക്കും.




വ്യക്തിഗത സ്വകാര്യതയും യാത്രാസൗകര്യവും പ്രധാനമാണ്. ബിസിനസ് ആവശ്യങ്ങൾക്കായി വേഗത്തിൽ വിവിധ നഗരങ്ങളിലേക്ക് പോകേണ്ടവർക്കും കുടുംബത്തോടൊപ്പം സൗകര്യപ്രദമായി യാത്ര ചെയ്യാൻ ആഗ്രഹിക്കുന്നവർക്കും ഇത്തരം സേവനങ്ങൾ പ്രയോജനപ്പെടും.

ഫ്ലോറിഡയെ ആസ്ഥാനമാക്കിയത് ആലോചിച്ചെടുത്ത തീരുമാനമാണ്. അവിടെ വ്യോമയാന മേഖലയിലെ ബന്ധങ്ങളും ആവശ്യമായ സാങ്കേതിക പിന്തുണയും ലഭ്യമായിരുന്നു. വർഷം മുഴുവൻ യാത്രാ ആവശ്യങ്ങൾ നിലനിൽക്കുന്നതും കരീബിയൻ ദ്വീപുകളിലേക്കുള്ള യാത്രകൾക്ക് അനുയോജ്യമായ ഭൂമിശാസ്ത്രപരമായ സ്ഥാനവുമുണ്ട്. ഈ ഘടകങ്ങളെല്ലാം ബിസിനസിന്റെ സാധ്യതകൾ വിലയിരുത്തുമ്പോൾ പരിഗണിച്ചു.

***കൊളറാഡോ കേന്ദ്രീകരിച്ച് 'മൗണ്ടൻ എയർ ഷട്ടിൽ' എന്ന പുതിയ സംരംഭത്തിനും തുടക്കമിടുകയാണ്. ഇതിന്റെ ലക്ഷ്യം എന്താണ്?***

കൊളറാഡോയിൽ ശീതകാലത്ത് മഞ്ഞുവീഴ്ചയും ഗതാഗതക്കുരുക്കും കാരണം റോഡ് യാത്രകൾ ദീർഘിക്കുന്ന സാഹചര്യങ്ങളുണ്ട്. ഡെൻവർ വിമാനത്താവളത്തിൽ നിന്ന് പ്രാദേശിക വിമാനത്താവളങ്ങളിലേക്കും സ്കീയിങ് കേന്ദ്രങ്ങളിലേക്കും വിനോദസഞ്ചാര മേഖലകളിലേക്കും വേഗത്തിൽ എത്താൻ കഴിയുന്ന യാത്രാസൗകര്യം ഒരുക്കുകയാണ് മൗണ്ടൻ എയർ ഷട്ടിലിന്റെ ലക്ഷ്യം.

ചെറിയ വിമാനങ്ങൾ ഉപയോഗിച്ച് താരതമ്യേന വേഗത്തിലും യാത്രക്കാരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിലും സർവീസുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. പ്രാദേശിക വിമാനത്താവളങ്ങളുമായും വ്യോമയാന മേഖലയിലെ സ്ഥാപനങ്ങളുമായും സഹകരിച്ച് പ്രവർത്തനം വികസിപ്പിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. ബ്യൂണ വിസ്റ്റ വിമാനത്താവളത്തിൽ ഓഫീസും ആരംഭിച്ചിട്ടുണ്ട്.

ആദ്യഘട്ടത്തിൽ പ്രാദേശിക യാത്രക്കാരുടെയും വിനോദസഞ്ചാരികളുടെയും ആവശ്യങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. പദ്ധതി വിജയകരമായി മുന്നോട്ടുപോയാൽ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാനാകുമെന്നാണ് പ്രതീക്ഷ.

***സോഫ്റ്റ്‌വെയർ എൻജിനീയറിങ്, റീട്ടെയിൽ വ്യാപാരം, ഫിനാൻസ്, വ്യോമയാനം തുടങ്ങി പല മേഖലകളിൽ പ്രവർത്തിച്ചശേഷം വീണ്ടും ഐ.ടി. മേഖലയിലേക്ക് മടങ്ങാനുള്ള ആഗ്രഹവും പങ്കുവച്ചിരുന്നല്ലോ. ആർട്ടിഫിഷ്യൽ***



*ഇന്റലിജൻസുമായി ബന്ധപ്പെട്ട പദ്ധതികൾ എന്തൊക്കെയാണ്?*

ഐ.ടി. മേഖലയോടുള്ള താൽപര്യം ഒരിക്കലും കുറഞ്ഞിട്ടില്ല. ആപ്പുകളുടെ വളർച്ചയുടെ കാലത്ത് ആ രംഗത്ത് വലിയ അവസരങ്ങളുണ്ടായിരുന്നു. എന്നാൽ ആ മാറ്റങ്ങളുടെ ഭാഗമാകാൻ എനിക്ക് കഴിഞ്ഞില്ലെന്ന തോന്നൽ ഇപ്പോഴുമുണ്ട്.

ഇപ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ലോകത്തിന്റെ വിവിധ മേഖലകളിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുകയാണ്. ഈ പുതിയ സാങ്കേതിക വിപ്ലവത്തിന്റെ ഭാഗമാകണമെന്നാണ് ആഗ്രഹം. ഇന്ത്യയിലും അമേരിക്കയിലും പ്രവർത്തനസാധ്യതകളുള്ള ഒരു എ.ഐ. അധിഷ്ഠിത ഐ.ടി. കമ്പനി ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്. 2027-ഓടെ ഈ രംഗത്ത് ശ്രദ്ധേയമായ സാന്നിധ്യം സൃഷ്ടിക്കുകയാണ് ലക്ഷ്യം.

മുൻകാല സാങ്കേതിക പരിചയവും വിവിധ ബിസിനസ് മേഖലകളിൽനിന്ന് ലഭിച്ച അനുഭവങ്ങളും ഈ പുതിയ സംരംഭത്തിന് പ്രയോജനപ്പെടുത്താനാകും.

*സംരംഭകത്വവും സംഘടനാ പ്രവർത്തനങ്ങളും ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകുമ്പോൾ കുടുംബത്തിനായി സമയം കണ്ടെത്താൻ കഴിയുന്നുണ്ടോ?*

ബിസിനസ് തിരക്കുകൾക്കിടയിലും കുടുംബത്തിന് വലിയ പ്രാധാന്യമുണ്ട്. ന്യൂയോർക്കിലെ വെസ്റ്റ്ചെസ്റ്റർ കൗണ്ടിയിലുള്ള കോർലാൻഡ് മാനറിലാണ് ഞങ്ങൾ താമസിക്കുന്നത്. ഭാര്യ ഡോണയും മക്കളായ ഷെൽഡൻ, റൈഹാൻ, ആഷ്ണ് എന്നിവരുമാണ് എന്റെ ലോകം.

കുടുംബത്തോടൊപ്പമുള്ള യാത്രകൾക്കും വിനോദങ്ങൾക്കും സമയം കണ്ടെത്താൻ ശ്രമിക്കാറുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങുമ്പോൾ പല വെല്ലുവിളികളും നേരിടേണ്ടിവരും. അത്തരം ഘട്ടങ്ങളിൽ കുടുംബത്തിന്റെ പിന്തുണ വലിയ കരുത്താണ്.

വാഹനങ്ങളോടും ബോട്ടുകളോടും യാത്രകളോടും എനിക്ക് പ്രത്യേക താൽപര്യമുണ്ട്. ജോലിയുടെ തിരക്കുകളിൽനിന്ന് മാറി കുടുംബത്തോടൊപ്പം സമയം ചെലവഴിക്കുന്നത് പുതിയ ഊർജം നൽകുന്നു.

*സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ, സംരംഭകരാകാൻ ആഗ്രഹിക്കുന്ന യുവാക്കളോട് എന്താണ് പറയാനുള്ളത്?*

ഒരു ആശയം തോന്നുമ്പോൾ അതിന്റെ സാധ്യതകൾ പഠിക്കണം. വിപണിയെ മനസ്സിലാക്കണം. സാമ്പത്തിക വശങ്ങൾ വിലയിരുത്തണം. ആവശ്യമായ ബന്ധങ്ങൾ സ്ഥാപിക്കണം. അതിനുശേഷം കൃത്യമായ ആസൂത്രണത്തോടെ മുന്നോട്ടുപോകണം.

എല്ലാ സംരംഭങ്ങളും വിജയിക്കണമെന്നില്ല. സാഹചര്യങ്ങൾ മാറുമ്പോൾ ചില സംരംഭങ്ങൾ അവസാനിപ്പിക്കേണ്ടിവരും. അതുകൊണ്ട് ഒരു ശ്രമം അവസാനിക്കുന്നത് ജീവിതം അവസാനിക്കുന്നതല്ല. അതിൽ നിന്ന് പഠിച്ച് പുതിയ അവസരങ്ങൾ കണ്ടെത്തുകയാണ് പ്രധാനം.

ജോലി നേടുക എന്നത് ഒരു നല്ല ലക്ഷ്യമാണ്. എന്നാൽ സ്വന്തം ആശയങ്ങളിലൂടെ മറ്റുള്ളവർക്ക് തൊഴിൽ നൽകാൻ കഴിയുന്നതും വലിയൊരു സാധ്യതയാണ്. കുട്ടികൾക്ക് സുരക്ഷിതമായൊരു ജീവിതം മാത്രം സ്വപ്നം കാണിച്ചാൽ പോരാ; അവർക്ക് പുതിയ വഴികൾ കണ്ടെത്താനും സ്വന്തം കഴിവുകൾ തിരിച്ചറിയാനും അവസരം നൽകണം.

സംരംഭകത്വം പണം സമ്പാദിക്കാനുള്ള മാർഗം മാത്രമല്ല. പുതിയ ആശയങ്ങൾ പ്രാവർത്തികമാക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കാനും കഴിയുന്ന ഒരു ജീവിത വീക്ഷണം കൂടിയാണ്.

ഡിസൈനിങ് ഷോപ്പിൽ നിന്ന് വ്യോമയാന മേഖലയിലേക്കും അവിടെനിന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പുതിയ ലോകത്തിലേക്കും നീളുന്ന തന്റെ യാത്രയിലൂടെ ഷിനു ജോസഫ് മുന്നോട്ടുവയ്ക്കുന്നതും ഈ സന്ദേശമാണ്: അവസരങ്ങൾ കാത്തിരിക്കാതെ കണ്ടെത്തുക; പഠിച്ചുകൊണ്ടിരിക്കുക; പുതിയ മേഖലകളിലേക്ക് കടക്കാനുള്ള ധൈര്യം കൈവിടാതിരിക്കുക.

CELEBRATING 30 Yrs Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



### Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.



# മരണത്തിന്റെ നിമിഷത്തിൽ സംഭവിക്കുന്നത് എന്താണ്?

## മരണത്തിന് ശേഷം ജീവന്റെ അദൃശ്യസാന്നിധ്യം എവിടെയെങ്കിലും തുടരുന്നുണ്ടോ?

ശ്രീകുമാർ ഉണ്ണിത്താൻ

'മരണം ശരീരത്തിന്റെ അവസാനമാണെന്ന് നമുക്ക് അറിയാം; എന്നാൽ ആ അവസാന നിമിഷത്തിൽ മനുഷ്യന്റെ അനുഭവത്തിനുള്ളിൽ കൃത്യമായി എന്താണ് സംഭവിക്കുന്നത് എന്നതിനെക്കുറിച്ച് നമുക്ക് ഇനിയും അറിയില്ല എന്നതാണ് സത്യം.'

മരണസമയത്ത് ശരീരത്തിൽ നിന്ന് ഒരു തരത്തിലുള്ള 'എനർജി' പുറത്തേക്ക് പ്രവഹിക്കുന്നു എന്ന് ചിലർ വിശ്വസിക്കുന്നു. അതിന് ശാസ്ത്രീയമായി വ്യക്തമായ തെളിവുകളില്ലെങ്കിലും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആളുകൾ പങ്കുവയ്ക്കുന്ന ചില അനുഭവങ്ങൾ ഈ ചോദ്യത്തെ വീണ്ടും വീണ്ടും നമ്മുടെ മുന്നിലെത്തിക്കുന്നു.

ചിലർക്ക് ഒരു പ്രത്യേക ഗന്ധം അനുഭവപ്പെടുന്നു. ചിലർക്ക് പെട്ടെന്ന് മുറിയിൽ അസാധാരണമായ തണുപ്പ് തോന്നുന്നു. മറ്റു ചിലർക്ക് ആരോ അടുത്തുണ്ടെന്നൊരു ശക്തമായ തോന്നൽ. ചിലർക്ക് അപ്രതീക്ഷിതമായി ഒരു സ്വപ്നം, ശബ്ദം, ഓർമ്മ, അല്ലെങ്കിൽ മരിച്ചവർ വന്നുനിൽക്കുന്നു എന്ന് മരണപ്പെടാൻ പോകുന്ന വ്യക്തിയുടെ വാക്കുകൾ അങ്ങനെ വിചിത്രമായ സംഭവങ്ങൾ ആണ് പലർക്കും അനുഭവപ്പെടുന്നത്.

ഇതെല്ലാം യാദൃച്ഛികതകളായിരിക്കാം. പക്ഷേ, ചില അനുഭവങ്ങൾ യുക്തിയുടെ അതിരുകൾക്കപ്പുറത്തേക്ക് നമ്മെ ചിന്തിപ്പിക്കും. എല്ലാം മനസ്സിന്റെ ഓരോ തോന്നലുകൾ മാത്രമാണോ ?



എന്റെ ജീവിതത്തിൽ ഏറ്റവും സ്നേഹിച്ച ഒരാളെ നഷ്ടപ്പെട്ട നിമിഷം ഇന്നും എന്റെ മനസ്സിൽ വ്യക്തമായി നിൽക്കുന്നു.

അന്ന് ശൈത്യകാലമായിരുന്നു. ആ മുറിയിൽ ഇരിക്കുമ്പോൾ പെട്ടെന്ന് മുറിയാകെ അസാധാരണമായ ഒരു തണുപ്പ് അനുഭവപ്പെട്ടു. സാധാരണ തണുപ്പല്ലായിരുന്നു അത്. ശരീരത്തിലൂടെ അസാധാരണ തണുത്തൊരു കാറ്റ് കടന്നുപോകുന്നതുപോലെ.

ആദ്യം ഞാൻ കരുതിയത് ആരെങ്കിലും ജനൽ തുറന്നിട്ടുണ്ടാകുമെന്നാണ്.

ഞാൻ ജനലുകൾ പരിശോധിച്ചു. എല്ലാ ജനലുകളും അടഞ്ഞു കിടക്കുകയായിരുന്നു.

എങ്കിലും ആ തണുപ്പ് മാറിയില്ല. അപ്പോഴാണ് മനസ്സിൽ ഒരു വിചിത്രമായ അസ്വസ്ഥത നിറഞ്ഞത്. എന്തോ സംഭവിച്ചിരിക്കുന്നു എന്ന തോന്നൽ. കുറച്ച് സമയത്തിന് ശേഷം മനസ്സിലായി... ഞാൻ ഏറ്റവും സ്നേഹിച്ച ആ വ്യക്തി ഈ ലോകത്തോട് വിടപറഞ്ഞിരുന്നു.

ആ നിമിഷം മുതൽ ആ അനുഭവത്തെ ഞാൻ മറ്റൊരു രീതിയിലാണ് കാണുന്നത്. അത് ശരിക്കും എന്തായിരുന്നു? ശരീരത്തിലെ സ്വാഭാവികമായ പ്രതികരണമോ? ദുഃഖം സൃഷ്ടിച്ച മാനസിക അനുഭവമോ?

യാദൃച്ഛികമായി ശരീരത്തിൽ ഉണ്ടായ മാറ്റമോ? അല്ലെങ്കിൽ നമുക്ക് ഇതുവരെ മനസ്സിലാക്കാൻ കഴിയാത്ത എന്തെങ്കിലും ബന്ധമോ? ഉത്തരം എനിക്ക് ഇന്നും അറിയില്ല.

മറ്റൊരു സംഭവം...

എന്റെ ഒരു സുഹൃത്ത് ഒരിക്കൽ കാർ ഓടിച്ചുകൊണ്ടിരിക്കുകയായിരുന്നു. യാത്രയ്ക്കിടയിൽ പെട്ടെന്ന് ഒരു വലിയ പക്ഷി വാഹനത്തിന്റെ വിൻഡ് ഷീൽഡിൽ ശക്തമായി ഇടിച്ചു. പക്ഷി അവിടെവെച്ച് തന്നെ മരിച്ചു.

ആ സംഭവം സുഹൃത്തിനെ അസ്വസ്ഥനാക്കി. അൽപ്പസമയത്തിനകം നാട്ടിൽ നിന്ന് ഒരു ഫോൺ കോൾ എത്തി. ‘‘അമ്മ മരിച്ചു...‘

ആ വാർത്ത കേട്ടപ്പോൾ, വിൻഡ് ഷീൽഡിൽ വന്ന് ഇടിച്ച ആ പക്ഷിയുടെ ചിത്രം വീണ്ടും അവന്റെ മനസ്സിലേക്ക് വന്നു. ആ പക്ഷിയുടെ മരണം... അതിനു ശേഷം എത്തിയ അമ്മയുടെ മരണവാർത്ത...

രണ്ടു സംഭവങ്ങൾക്കും യാതൊരു ബന്ധവുമില്ലായിരിക്കാം. അത് വെറും യാദൃച്ഛികത (coincidence) ആയിരിക്കാം.

പക്ഷേ മനുഷ്യ മനസ്സിന്റെ ഒരു പ്രത്യേകതയുണ്ട്. നമ്മുടെ ജീവിതത്തിലെ ഏറ്റവും ശക്തമായ വികാരങ്ങളുമായി ബന്ധപ്പെട്ട സംഭവങ്ങൾ തമ്മിൽ നാം സ്വാഭാവികമായി ബന്ധം കണ്ടെത്താൻ ശ്രമിക്കും.

മരണം അടുത്തുവരുന്നതായി ചിലർ മുൻകൂട്ടി മനസ്സിലാക്കിയ അനുഭവങ്ങൾ കുടുംബാംഗങ്ങൾ പലപ്പോഴും പങ്കുവയ്ക്കാറുണ്ട്.



ഒരു മുത്തച്ഛൻ രണ്ട് കൈകളും കൂപ്പി പ്രാർത്ഥിച്ചുകൊണ്ട് മരണത്തെ വരവേറ്റ കാഴ്ച ഞാൻ കണ്ടിട്ടുണ്ട്. ആ നിമിഷം അദ്ദേഹത്തിന് എന്താണ് അനുഭവപ്പെട്ടിരുന്നത് എന്ന് നമുക്ക് അറിയില്ല. എന്നാൽ മരണത്തെ മുൻകൂട്ടി കണ്ടതുപോലെ തോന്നിയിരുന്നു. ലോകത്തിന്റെ പല സംസ്കാരങ്ങളിലും മരണത്തെ ചുറ്റിപ്പറ്റി ഇത്തരം വിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്.

ലോകത്തിന്റെ പല സംസ്കാരങ്ങളിലും മരണത്തെ ചുറ്റിപ്പറ്റി ഇത്തരം വിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്.

മരിക്കാൻ പോകുന്ന ഒരാൾക്ക് മരണപ്പെട്ട ബന്ധുക്കളെ കാണുന്നതായി തോന്നുക, ആരെയെങ്കിലും വിളിക്കുക, അപ്രതീക്ഷിതമായി പഴയ ഓർമ്മകളിലേക്ക് മടങ്ങുക, മുറിയിൽ ആരോ ഉണ്ടെന്നപോലെ സംസാരിക്കുക തുടങ്ങിയ അനുഭവങ്ങൾ പല കുടുംബങ്ങളും പങ്കുവയ്ക്കാറുണ്ട്.

ഇതിൽ പലതിനും വൈദ്യശാസ്ത്രപരമായ വിശദീകരണങ്ങൾ ഉണ്ടായേക്കാം. മസ്തിഷ്കത്തിലെ മാറ്റങ്ങൾ, മരുന്നുകളുടെ സ്വാധീനം, ഓക്സിജന്റെ കുറവ്, ബോധാവസ്ഥയിലെ വ്യതിയാനങ്ങൾ ഇവയെല്ലാം ഇത്തരം അനുഭവങ്ങൾക്ക് കാരണമാകാം.

എന്നാൽ എല്ലാ അനുഭവങ്ങളെയും ഒരൊറ്റ വിശദീകരണത്തിലേക്ക് ചുരുക്കാൻ കഴിയുമോ



എന്നത് മറ്റൊരു ചോദ്യം. ചില ചോദ്യങ്ങൾക്കു മുമ്പിൽ ശാസ്ത്രം മറുപടി നൽകാറില്ല.

നമുക്ക് അറിയാത്ത ഒരു ലോകമുണ്ടോ? മരണസമയത്ത് ഒരു വ്യക്തിയുടെ ''ആത്മാവ്'' അല്ലെങ്കിൽ ''എനർജി'' നഷ്ടപ്പെടുപ്പോൾ അത് എവിടേക്കാണ് പോകുന്നത്? അത് അന്തരീഷത്തിൽ ആണോ .. അവർക്കു നമ്മെ കാണുവാൻ പറ്റുമോ? ഇപ്പോഴും പലരും ചോദിക്കുന്ന ചോദ്യങ്ങൾ ആണ് ഇത്.

ഒരിക്കൽ മനുഷ്യന് വൈദ്യുതി പോലും ഒരു അത്ഭുതമായിരുന്നു. ഒരിക്കൽ ഭൂമിക്ക് പുറത്തുള്ള ലോകത്തെക്കുറിച്ചുള്ള അറിവ് സ്വപ്നം മാത്രമായിരുന്നു. ഇന്ന് നാം കാണാത്ത അനവധി തരംഗങ്ങളെയും ഊർജങ്ങളെയും ശാസ്ത്രം തിരിച്ചറിഞ്ഞിട്ടുണ്ട്.

അതുകൊണ്ടുതന്നെ, മരണത്തെ ചുറ്റിപ്പറ്റിയുള്ള മനുഷ്യാനുഭവങ്ങളെ പൂർണ്ണമായും പരിഹസിക്കുകയോ, മറുവശത്ത് അവയെല്ലാം അതീന്ദ്രിയ സത്യങ്ങളാണെന്ന് പ്രഖ്യാപിക്കുകയോ ചെയ്യുന്നതിന് പകരം, ''നമുക്ക് ഇതുവരെ അറിയാത്തത് എന്താണ്' എന്ന ചോദ്യം ചോദിക്കുന്നതായിരിക്കും കൂടുതൽ ശരി.

മരിച്ചവർ ആരും ഇതുവരെ തിരിച്ചു വന്നിട്ടില്ല. അതുകൊണ്ട് തന്നെ ചോദിച്ചറിയുവാനും ബുദ്ധിമുട്ടാണ്.

ചില അനുഭവങ്ങൾ വിശ്വാസമായി മാറുന്നത് എന്തുകൊണ്ട്? നാം ഒരാളെ അതിയായി സ്നേഹിക്കുമ്പോൾ, ആ വ്യക്തിയുമായുള്ള ബന്ധം ശരീരത്തിന്റെ സാന്നിധ്യത്തിൽ മാത്രം ഒതുങ്ങുന്നില്ല. അവരുടെ ശബ്ദം, ചിരി, ഗന്ധം, സ്പർശം, ഓർമ്മകൾ എല്ലാം നമ്മുടെ മനസ്സിൽ ജീവിച്ചുകൊണ്ടിരിക്കും. അതിനാൽ അവർ നമ്മിൽ നിന്ന് വേർപെടുന്ന നിമിഷങ്ങളിൽ നമ്മുടെ മനസ്സും ശരീരവും അതീവ ശക്തമായി പ്രതികരിച്ചേക്കാം.

അപ്പോൾ ഒരു ചെറിയ ശബ്ദം പോലും അവരുടെ ശബ്ദമായി തോന്നാം. ഒരു തണുത്ത കാറ്റ് അവരുടെ സാന്നിധ്യമായി അനുഭവപ്പെടാം. ഒരു പക്ഷിയുടെ പറക്കൽ പോലും ഒരു സന്ദേശമായി തോന്നാം.

അത് സത്യമാണോ, മനസ്സിന്റെ സൃഷ്ടിയാണോ എന്നതിനേക്കാൾ, ആ അനുഭവം നമ്മിൽ സൃഷ്ടിക്കുന്ന വികാരമാണ് ചിലപ്പോൾ പ്രധാനപ്പെട്ടത്. കാരണം, നമ്മൾ സ്നേഹിച്ച ഒരാൾ മരിച്ചാലും, ആ സ്നേഹം മരിക്കുന്നില്ല.

എന്റെ സുഹൃത്തിന്റെ അനുഭവത്തിനും ഒരുപക്ഷേ യുക്തിസഹമായ വിശദീകരണമുണ്ടാകും.

ഇവയെല്ലാം യാദൃച്ഛികതകളായിരിക്കാം. പക്ഷേ ചില യാദൃച്ഛികതകൾ നമ്മുടെ ഹൃദയത്തിൽ അങ്ങനെ ആഴത്തിൽ പതിയുന്നു, പിന്നീട് അവയെ വെറും 'coincidence" എന്ന് പറഞ്ഞ് മറക്കാൻ കഴിയാതെ വരും.

മരണത്തിന്റെ നിമിഷത്തിൽ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്? ഒരു ജീവൻ അവസാനിക്കുന്നു എന്നത് നമുക്കറിയാം. പക്ഷേ അതിനൊപ്പം ഒരു അദൃശ്യ സാന്നിധ്യം എവിടെയെങ്കിലും തുടരുന്നുണ്ടോ?

അതിനുള്ള ഉത്തരം ഒരുപക്ഷേ ശാസ്ത്രത്തിന് ഇന്നും പൂർണ്ണമായി നൽകാനായിട്ടില്ല.

ഈ അദൃശ്യ സാന്നിധ്യത്തെ ചിലർ ''ആത്മാവ്'' എന്ന് വിളിക്കും. മറ്റുചിലർ ''എനർജി'' എന്ന് വിളിക്കും. വേറെ ഒരുപറ്റം ''മനസ്സിന്റെ പ്രതികരണം'' എന്ന് പറയും. പക്ഷേ പ്രിയപ്പെട്ട ഒരാളെ നഷ്ടപ്പെട്ട ഒരാളോട് ചോദിച്ചാൽ ഒരേയൊരു കാര്യം ഉറപ്പായി പറയാനാകും...

''അവർ പോയി... പക്ഷേ അവർ നമ്മിൽ നിന്ന് പൂർണ്ണമായി അപ്രത്യക്ഷരായിട്ടില്ല.'' അവരുടെ സാനിധ്യം ഞാൻ ഇന്നും അനുഭവിക്കുന്നുണ്ട്....അവർ നമ്മുടെ ഓർമ്മകളിൽ ജീവിക്കുന്നു.

ചിലപ്പോൾ, നമുക്ക് വിശദീകരിക്കാനാകാത്ത ഒരു തണുത്ത കാറ്റായി... ഒരു അപ്രതീക്ഷിത ശബ്ദമായി...

JOHN
ISAAC
FOR NY STATE ASSEMBLY

PUBLIC SAFETY | EDUCATION
YONKERS FIRST | AFFORDABILITY



(914) 350-0590

VOTEJOHNISAAC.COM

VOTE NOVEMBER 3, 2026

# പി. റ്റി. തോമസിന്റെ 75ാം ജന്മദിനം അനുഗ്രഹകരമായി ആഘോഷിച്ചു




ന്യൂയോർക്ക്: സാമൂഹിക-സാംസ്കാരിക പ്രവർത്തകനായ പി. റ്റി. തോമസിന്റെ 75-ാം ജന്മദിനം സ്റ്റോണി പോയിന്റിലെ ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ പ്രാർത്ഥനാനിർഭരവും ആഘോഷപൂർണവുമായി സംഘടിപ്പിച്ചു. കുടുംബാംഗങ്ങളും സുഹൃത്തുക്കളും സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖരും ഉൾപ്പെടെ 350-ഓളം പേർ പങ്കെടുത്ത ചടങ്ങ് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും കൂട്ടായ്മയായി മാറി.

ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ്മാ ഇടവക വികാരി റവ. ജൂബിൻ വർഗീസിന്റെ പ്രാർത്ഥനയോടെയാണ് പരിപാടികൾ ആരംഭിച്ചത്. തുടർന്ന് പി. റ്റി. തോമസിന്റെ കൊച്ചുമക്കൾ 'ഠവ ല്യൂല ടവമഹഹ ആല ടവീംല്യ െ ീള ആഹലശൈിഴ' എന്ന ഗാനം ആലപിച്ചു. ദൈവകൃപയും പ്രാർത്ഥനയും കുടുംബത്തിന്റെ സ്നേഹവും സാമൂഹിക സേവനവും ജീവിതത്തിന് നൽകുന്ന കരുത്ത് വിളിച്ചോതുന്നതായിരുന്നു ആഘോഷം.

ചടങ്ങിൽ ടൗൺ ഓഫ് ക്ലാർക്സ്ടൗൺ സൂപ്പർവൈസർ പ 1. റ്റി. തോമസിനെ പ്രശംസാഫലകം നൽകി ആദരിച്ചു. യു.എസ്. കോൺഗ്രസ് അംഗം മൈക്ക് ലോലറുടെ പ്രതിനിധിയും അദ്ദേഹത്തിനുള്ള ആദരസൂചകമായി പ്രശംസാഫലകം സമ്മാനിച്ചു. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പ്രതിനിധി ജോസ് ജോർജും ചടങ്ങിൽ ആശംസകൾ നേർന്ന് സംസാരിക്കുകയും പ്രശംസാഫലകം സമ്മാനിക്കുകയും ചെയ്തു.

ഫോമാ മുൻ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, നിയുക്ത പ്രസിഡന്റ് ബിജു തോണിക്കടവിൽ, നിയുക്ത ട്രഷറർ പ്രദീപ ് നായർ, സണ്ണി കല്ലൂപ്പാറ, റോയ് ചെങ്ങന്നൂർ, ജേക്കബ് ചൂരവടി, ഫാ. മാത്യു തോമസ്, എൽസി ജൂബി, ഗോപിനാഥ് കുറുപ്പ്, ജി. കെ. നായർ, ഷിനു ജോസഫ്,

ഷോബി ഐസക്, ജോൺ ഐസക്, ജോഫ്രിൻ ജോസ്, ഡോ. ലിസ്റ്റി തോമസ്, ലിറ്റൻ തോമസ്, ഡോ. ബെറ്റ്സി തോമസ്, ലിൻസി ജേക്കബ്, ലെവൻ തോമസ്, ലൂക്ക് സൈമൺ, തോമസ് സൈമൺ, നിക്കോളാസ് തോമസ്, സേല സൈമൺ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

ഫോമാ, മലയാളി അസോസിയേഷൻ ഓഫ് റോക്‌ലാൻഡ് കൗണ്ടി, കേരളം എന്റർടെയ്ൻമെന്റ്സ്, ജേക്കബ് ചൂരവടി എന്നിവർ പി. റ്റി. തോമസിനെ പൊന്നാട അണിയിച്ച് ആദരിച്ചു. സാമൂഹിക-സാംസ്കാരിക രംഗത്ത് അദ്ദേഹം നൽകിയ സംഭാവനകളെയും മറ്റുള്ളവരുടെ പ്രയാസങ്ങളിൽ അവർക്കൊപ്പം നിൽക്കാനുള്ള മനസ്സിനെയും പ്രസംഗകർ അനുസ്മരിച്ചു.

സമൂഹനന്മയ്ക്കായി കൂടുതൽ പേർ സജീവമായി രംഗത്തുവരേണ്ടതിന്റെ പ്രാധാന്യവും ചടങ്ങിൽ ചർച്ചയായി. നല്ല പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുന്നത് വ്യക്തിപ്രശസ്തിക്കുവേണ്ടിയല്ലെന്നും കൂടുതൽ ആളുകളെ സാമൂഹിക സേവനത്തിലേക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെയാണെന്നും നിയുക്ത ഫോമാ പ്രസിഡന്റ് ബിജു തോണിക്കടവിൽ അഭിപ്രായപ്പെട്ടു.

ഡോ. ബെറ്റ്സി തോമസ്, നിക്കോളാസ് തോമസ്, സാദക അലക്സാണ്ടർ, ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ്മാ ഇടവക ഗായകസംഘം എന്നിവർ അവതരിപ്പിച്ച ഗാനങ്ങൾ ആഘോഷത്തിന് സംഗീതസാന്ദ്രമായ മിഴിവേകി. കേക്ക് മുറിക്കൽ, സംഗീതം, നൃത്തം, കലാപരിപാടികൾ എന്നിവയോടെ ചടങ്ങ് സന്തോഷകരമായ കുടുംബസംഗമമായി മാറി.

75 വർഷത്തെ ജീവിതയാത്ര പൂർത്തിയാക്കിയ പി. റ്റി. തോമസിന് ആരോഗ്യവും ദീർഘായുസ്സും ദൈവാനുഗ്രഹവും ആശംസിച്ചുകൊണ്ടാണ് ആഘോഷം സമാപിച്ചത്.






















This is the promise of love;












EXIT






















EXIT
























Birthday

































































Birthday






Happy
Birthday










OF KINDNESS



## ആദരം ഏറ്റുവാങ്ങി ഗാനഗന്ധർവൻ

# സംഗീതത്തിൽ താനിന്നും വിദ്യാർത്ഥിയെന്ന്

ചിക്കാഗോ: പതിറ്റാണ്ടുകളായി ഇന്ത്യൻ സംഗീതലോകത്ത് വിസ്മയമായി തുടരുന്ന പത്മഭൂഷൺ ഡോ. കെ.ജെ. യേശുദാസിനെ ചിക്കാഗോ മലയാളി അസോസിയേഷൻ ആദരിച്ചു. നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിനുവേണ്ടി അസോസിയേഷൻ പ്രസിഡന്റ് ജോസ് മണക്കാട്ട് ഡാളസിലെ യേശുദാസിന്റെ വസതിയിലെത്തിയാണ് പൊന്നാടയണിയിച്ചും മെമന്റോ സമ്മാനിച്ചും ആദരിച്ചത്.




യേശുദാസുമായി രണ്ടുമണിക്കൂറോളം ചെലവഴിക്കാനും സംഗീതത്തെയും ജീവിതത്തെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ അനുഭവങ്ങളും കാഴ്ചപ്പാടുകളും അടുത്തറിയാനും കഴിഞ്ഞത് ജീവിതത്തിലെ അപൂർവവും ധന്യവുമായ നിമിഷമാണെന്ന് ജോസ് മണക്കാട്ട് പറഞ്ഞു. യേശുദാസിന്റെ ഭാര്യ പ്രഭയ്ക്കൊപ്പമായിരുന്നു കൂടിക്കാഴ്ച.

1961 നവംബർ 14-ന് 'ജാതിഭേദം മതദ്വേഷം' എന്ന ഗുരുദേവകീർത്തനം ആലപിച്ചുകൊണ്ട് സംഗീതലോകത്തേക്ക് കടന്നുവന്ന യേശുദാസ്, ആറര പതിറ്റാണ്ട് പിന്നിട്ടിട്ടും സംഗീതപഠനം തുടരുകയാണെന്നു പറഞ്ഞത് ജോസ് മണക്കാട്ടിനെ ഏറെ അത്ഭുതപ്പെടുത്തി.

സംഗീതത്തിൽ തനിക്ക് ഇനിയും പഠിക്കാനേറെയുണ്ടെന്നും ഗുരുക്കന്മാർ





പകർന്നുനൽകിയ അറിവുകളും വിവിധ രാഗങ്ങളുടെ സവിശേഷതകളും ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണെന്നും യേശുദാസ് പങ്കുവെച്ചു. 72 രാഗങ്ങളെക്കുറിച്ചും സംഗീതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

സംഗീതത്തിൽ ഇത്രയേറെ അറിവും അനുഭവസമ്പത്തുമുള്ള ഒരാൾ ഇപ്പോഴും ഒരു വിദ്യാർഥിയുടെ മനോഭാവത്തോടെ പഠനം തുടരുന്നത് വലിയ പാഠമാണെന്ന് ജോസ് മണക്കാട്ട് പറഞ്ഞു.

തന്റെ സംഗീതജീവിതത്തിന് വഴികാട്ടിയായ ചെമ്പൈ വൈദ്യനാഥ ഭാഗവതരെക്കുറിച്ചുള്ള ഓർമകളും യേശുദാസ് പങ്കുവെച്ചു. പഴയകാലത്ത് മദ്രാസിലെ സംഗീത സ്റ്റുഡിയോകളിൽ ഗാനങ്ങൾ റെക്കോർഡ് ചെയ്തിരുന്ന രീതികളും സംഗീതത്തോടും കലാകാരന്മാരോടും പുലർത്തിയിരുന്ന ആദരവും അദ്ദേഹം ഓർത്തെടുത്തു.

മലയാള ചലച്ചിത്രസംഗീതത്തിലെ അതുല്യ പ്രതിഭയായ ദേവരാജൻ മാസ്റ്ററെക്കുറിച്ചും അദ്ദേഹവുമായുള്ള അനുഭവങ്ങളെക്കുറിച്ചും യേശുദാസ് ഏറെനേരം സംസാരിച്ചു. സംഗീതലോകത്തെ വിവിധ കാലഘട്ടങ്ങളിലൂടെയുള്ള ഈ ഓർമപ്പെയ്ത്ത് കൂടിക്കാഴ്ചയെ കൂടുതൽ ഹൃദ്യമാക്കി.

ഗാനഗന്ധർവന്റെ സ്വരമാധുരിയിൽ ഏകദേശം 75,000 ഗാനങ്ങൾ പിറന്നിട്ടുണ്ടെന്നാണ് പൊതുവെ കണക്കാക്കപ്പെടുന്നതെങ്കിലും, അതിന്റെ കൃത്യമായ എണ്ണം സ്ഥിരീകരിച്ചിട്ടില്ല. ഇത്രയേറെ ഗാനങ്ങൾ സമ്മാനിച്ചിട്ടും സംഗീതത്തെ നിരന്തരം പഠിക്കാനും അതിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനുമുള്ള അദ്ദേഹത്തിന്റെ താൽപര്യം മാതൃകാപരമാണെന്നും ജോസ് മണക്കാട്ട് അഭിപ്രായപ്പെട്ടു.

ജീവിതത്തെക്കുറിച്ചുള്ള യേശുദാസിന്റെ കാഴ്ചപ്പാടുകളും സംഭാഷണത്തിലെ ശ്രദ്ധേയമായ ഭാഗമായി. 'സത്യം ബ്രൂയാത്, പ്രിയം ബ്രൂയാത്, ന ബ്രൂയാത് സത്യമപ്രിയം' എന്ന സംസ്കൃത വാക്യം ഉദ്ധരിച്ചുകൊണ്ട്, സത്യം പറയണമെന്നും എന്നാൽ മറ്റുള്ളവരെ വേദനിപ്പിക്കുന്ന രീതിയിൽ സത്യം പറയുന്നത് ഒഴിവാക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. പ്രിയമായ സത്യങ്ങൾ പറയണമെന്ന അദ്ദേഹത്തിന്റെ ഉപദേശം ജീവിതത്തിൽ പിന്തുടരേണ്ട വലിയൊരു സന്ദേശമായാണ് ജോസ് മണക്കാട്ട് കാണുന്നത്.

യേശുദാസ് എപ്പോഴും വെള്ള വസ്ത്രം ധരിക്കുന്നതിന്റെ കാരണവും ജോസ് മണക്കാട്ട് ചോദിച്ചു. അതിന് മറുപടിയായി തന്റെ ചെറുപ്പകാലത്തെ പരിമിതികളും ലളിതമായ ജീവിതസാഹചര്യങ്ങളും യേശുദാസ് ഓർത്തെടുത്തു. കുറച്ചുവസ്ത്രങ്ങൾ മാത്രമുണ്ടായിരുന്ന കാലത്ത് ഒരേ വസ്ത്രം വീണ്ടും ഉപയോഗിച്ചിരുന്നത് മറ്റുള്ളവർ അറിയേണ്ടെന്ന് കരുതി തുടങ്ങിയ ശീലമാണ് വെള്ളവസ്ത്രം മാത്രം ഉപയോഗിക്കുന്നത് എന്ന് ദാസേട്ടൻ വിവരിച്ചപ്പോൾ ജീവിതത്തിലെ ലാളിത്യത്തിന്റെ പ്രാധാന്യം വ്യക്തമായെന്ന് ജോസ് മണക്കാട്ട് പറഞ്ഞു.

വലിയ പ്രശസ്തിയും അംഗീകാരങ്ങളും നേടിയിട്ടും വിനയത്തോടെയും ശാന്തതയോടെയും സംസാരിച്ച യേശുദാസിന്റെ വ്യക്തിത്വം തന്നെ ആഴത്തിൽ സ്വാധീനിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിനുവേണ്ടി ഗാനഗന്ധർവനെ ആദരിക്കാൻ കഴിഞ്ഞത് ചിക്കാഗോ മലയാളി അസോസിയേഷന് അഭിമാനകരമായ നിമിഷമാണ്. സംഗീതസാധന, ഗുരുഭക്തി, അറിവിനോടുള്ള നിരന്തരമായ അന്വേഷണത്വര, ജീവിതത്തിലെ ലാളിത്യം എന്നിവയുടെ അപൂർവമായ സംഗമമായിരുന്നു ആ കൂടിക്കാഴ്ചയെന്നും അദ്ദേഹം വ്യക്തമാക്കി.

# ‘വെറുതെ പാടിയ പക്ഷി’ പ്രകാശനം ചെയ്തു







അമേരിക്കൻ മലയാളി എഴുത്തുകാരൻ അബ്ദുൾ പുന്നയൂർക്കുളത്തിന്റെ കവിതാസമാഹാരം 'വെറുതെ പാടിയ പക്ഷി', കവി മധുസൂദനൻ നായർ സാഹിത്യ അക്കാദമി പ്രസിഡണ്ട് കല്പറ്റ നാരായണന്നു നൽകി പ്രകാശനം ചെയ്തു.

മഹാകവി നാലപ്പാട്ട് നാരായണമേനോന്റെ 139-ാം ജന്മദിനത്തിൽ പുന്നയൂർക്കുളം, കുന്നത്തൂർ മന ഹെറിറ്റേജിൽ നടന്ന ചടങ്ങിൽ ടി. മോഹൻ ബാബു അധ്യക്ഷത വഹിച്ചു. പി.ആർ. നാഥൻ, ആലങ്കോട് ലീലാകൃഷ്ണൻ, ടി. കൃഷ്ണദാസ്, ഉമ്മർ അറക്കൽ, ബാഹുലേയൻ താമരശ്ശേരി, സക്കറിയ തുടങ്ങിയവർ പങ്കെടുത്തു.

സതീഷ്കുമാർ എ. കെ. സ്വാഗതവും സരിത അശോകൻ നാലപ്പാട്ട് നന്ദിയും പറഞ്ഞു.

അബ്ദുൾ പുന്നയൂർക്കുളത്തിന്റെ നേതൃത്വത്തിൽ പുന്നയൂർക്കുളത്തും പരിസരത്തുമുള്ള എഴുത്തുകാരുടെ പുസ്തക പ്രദർശനവും നടന്നു.






നാലപ്പാടൻ













NRS PAY

# TAP, DIP, SWIPE OR KEY!



# ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.




## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# ഫോമാ മുൻ സെക്രട്ടറി ജോൺ സി. വർഗീസിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്

അഞ്ജന ഹരി,
അനില ബേബി,
ആൻ മേരി മാത്യു




ഹ്യൂസ്റ്റൺ: അമേരിക്കൻ മലയാളികളുടെ ദേശീയ സംഘടനയായ ഫോമയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് പ്രമുഖ സാമൂഹിക-സാംസ്കാരിക പ്രവർത്തകനും ഫോമയുടെ ആദ്യകാല നേതാക്കളിലൊരാളുമായ ജോൺ സി. വർഗീസിന് (സലിം) സമ്മാനിച്ചു. ഹ്യൂസ്റ്റണിൽ നടന്ന ഫോമാ കൺവൻഷനിലാണ് അദ്ദേഹത്തെ പുരസ്കാരം നൽകി ആദരിച്ചത്.

ഫോമയുടെ വളർച്ചയ്ക്കും മലയാളി സമൂഹത്തിന്റെ സാമൂഹിക-സാംസ്കാരിക മുന്നേറ്റത്തിനും നൽകിയ ദീർഘകാലവും സമഗ്രവുമായ സേവനങ്ങൾ പരിഗണിച്ചാണ് സലിമിന് ഈ ബഹുമതി നൽകിയത്.

ഫോമയുടെ വളർച്ചയുടെ നിർണായക ഘട്ടമായിരുന്ന ലാസ് വെഗാസ് കൺവൻഷന്റെ ജനറൽ സെക്രട്ടറിയായി സംഘടനയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സലിം, ഫോമയുടെ പ്രാരംഭകാലത്ത് തന്നെ സംഘടനയെ ശക്തമായ വളർച്ചയുടെ പാതയിലേക്ക് നയിച്ച നേതാക്കളിൽ പ്രധാനിയായിരുന്നു. സംഘടനയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിലും പ്രവർത്തനങ്ങൾക്ക്

പുതിയ ദിശ നൽകുന്നതിലും അദ്ദേഹത്തിന്റെ നേതൃത്വപാടവം നിർണായകമായി.

ഫോമയിലെ സലിമിനെയും സലിമിലെ ഫോമയെയും അടുത്തറിയണമെങ്കിൽ, ഫോമയുടെ കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെക്കാലത്തെ പ്രവർത്തനങ്ങളിലേക്ക് തിരിഞ്ഞുനോക്കിയാൽ മതിയാകും. സംഘടനയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തും, പ്രതിസന്ധികളിൽ നേതൃത്വപരമായ ഇടപെടലുകൾ നടത്തിയും, മലയാളി സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കായി പ്രവർത്തിച്ചുമാണ് അദ്ദേഹം തന്റെ വ്യക്തിമുദ്ര പതിപ്പിച്ചത്.

അമേരിക്കൻ മലയാളി സമൂഹത്തിൽ സാമൂഹിക, സാംസ്കാരിക, സാമുദായിക രംഗങ്ങളിൽ വർഷങ്ങളായി സജീവമായ സലിം മികച്ച സംഘാടകനും നേതാവുമാണ്. വിവിധ സംഘടനകളിലും സാമൂഹിക കൂട്ടായ്മകളിലും വഹിച്ച നേതൃത്വപദവികൾ അദ്ദേഹത്തിന്റെ പ്രവർത്തനപരിചയത്തിന്റെയും പൊതുസേവനമനോഭാവത്തിന്റെയും തെളിവാണ്.




സലിമിന്റെ സാമൂഹിക സേവനങ്ങൾക്ക് ലഭിച്ച അംഗീകാരങ്ങളും നിരവധിയാണ്. വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ സിൽവർ ജൂബിലി അവാർഡ്, തിരുവല്ല മുനിസിപ്പൽ കൗൺസിലിന്റെ പ്രത്യേക അംഗീകാരം, 2012-ൽ ഇന്ത്യ ഇന്റർനാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റി (IIFS) നൽകിയ 'ഗ്ലോറി ഓഫ് ഇന്ത്യ' പുരസ്കാരം എന്നിവ അദ്ദേഹത്തിന് ലഭിച്ച പ്രധാന ബഹുമതികളിൽ ചിലതാണ്.

കേരളത്തിലും അമേരിക്കയിലും സാമൂഹിക സംഘടനാപ്രവർത്തനങ്ങളിലൂടെ സലിം തന്റെ നേതൃത്വശേഷി തെളിയിച്ചിട്ടുണ്ട്. ചെങ്ങന്നൂരിലെ അനുപമ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ സ്ഥാപക പ്രസിഡന്റ്, താലൂക്ക് ട്രേഡ് യൂണിയൻ വർക്കേഴ്സ് ഓർഗനൈസേഷന്റെ സ്ഥാപക പ്രസിഡന്റ്, കേരള ബാങ്ക് എംപ്ലോയീസ് റിക്രിയേഷൻ ക്ലബ്ബിന്റെ പ്രസിഡന്റ് എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. ചെങ്ങന്നുർ താലൂക്ക് ആശുപത്രിയിൽ സ്വാന്തനം പദ്ധതിയുടെ ഭാഗമായി അന്നദാനം നടത്തുന്നതിലും സലിം നേതൃത്വം നൽകിയിരുന്നു .

അമേരിക്കയിലെ ആദ്യകാല മലയാളി സംഘടനകളിലൊന്നായ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ പ്രസിഡന്റായും ട്രസ്റ്റീ ബോർഡ് ചെയറായും സലിം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംഘടനയുടെ വളർച്ചയിലും സമൂഹത്തെ ഒരുമിപ്പിക്കുന്ന പ്രവർത്തനങ്ങളിലും അദ്ദേഹം നൽകിയ സംഭാവനകൾ ശ്രദ്ധേയമാണ്.

ഫൊക്കാനയുടെ ആദ്യകാല പ്രവർത്തനങ്ങളിലും സലിം സജീവമായിരുന്നു. അവിഭക്ത ഫൊക്കാനയുടെ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, ഫോമയുടെ നാഷണൽ അഡ്ഹോക് കമ്മിറ്റി ജനറൽ സെക്രട്ടറി,

ഫോമാ നാഷണൽ ജനറൽ സെക്രട്ടറി, ഫോമാ ഹെൽപ് ലൈൻ സെക്രട്ടറി, ഫോമാ അഡ്വൈസറി ചെയർമാൻ എന്നീ നിലകളിലും ഇപ്പോഴത്തെ ബൈലോ കമ്മിറ്റി ചെയർ ആയും പ്രവർത്തിക്കുന്നു.

കൂടാതെ ഇന്ത്യൻ പ്രവാസി ആക്ഷൻ കൗൺസിൽ കോ-ഓർഡിനേറ്റർ, ചെങ്ങന്നൂർ വൈ.എം.സി.എ. ട്രഷറർ, ന്യൂയോർക്കിലെ ചെങ്ങന്നൂർ അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റ്, ചെങ്ങന്നൂർ മണ്ഡലം യൂത്ത് ഫ്രണ്ട് പ്രസിഡന്റ്, യൂത്ത് ഫ്രണ്ട് ആലപ്പുഴ ജില്ലാ സെക്രട്ടറി, പ്രവാസി കേരളാ കോൺഗ്രസ് ന്യൂ യോർക്ക് ചാപ്റ്റർ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

പദവികൾ വഹിക്കുന്നതിലുപരി, സംഘടനകളെ ജനങ്ങളുമായി ബന്ധിപ്പിക്കുകയും സമൂഹത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുകയും ചെയ്തതാണ് സലിമിന്റെ പ്രവർത്തനശൈലിയുടെ പ്രത്യേകത. വിവിധ തലമുറകളിലുള്ള മലയാളികളെ ഒരുമിപ്പിക്കുന്നതിലും സംഘടനാ പ്രവർത്തനങ്ങളിൽ യുവതലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലും അദ്ദേഹം ശ്രദ്ധപുലർത്തിയിരുന്നു.

ഫോമയുടെ വളർച്ചയുടെ ആദ്യകാല ചരിത്രത്തോടൊപ്പം സലിമിന്റെ പ്രവർത്തനചരിത്രവും ചേർന്നുനിൽക്കുന്നു. സംഘടനയുടെ രൂപീകരണകാലത്തെ വെല്ലുവിളികളിൽ നിന്ന് ഇന്ന് ഫോമ കൈവരിച്ച വളർച്ചയിലേക്കുള്ള യാത്രയിൽ വിവിധ ഉത്തരവാദിത്വങ്ങളിലൂടെ അദ്ദേഹം നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്.

ഒരു സംഘടനയെ കെട്ടിപ്പടുക്കുന്നത് പദവികളിലൂടെയല്ല, മറിച്ച് വർഷങ്ങളോളം ആത്മാർത്ഥമായി പ്രവർത്തിക്കുന്ന മനുഷ്യരിലൂടെയാണ്. അത്തരത്തിൽ ഫോമയ്ക്കും അമേരിക്കൻ മലയാളി സമൂഹത്തിനും തന്റെ സമയവും നേതൃത്വവും അനുഭവസമ്പത്തും സമർപ്പിച്ച വ്യക്തിയാണ് ജോൺ സി. വർഗീസ് എന്ന സലിം.

അദ്ദേഹത്തിന് ലഭിച്ച ഫോമാ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, ഒരു വ്യക്തിക്കുള്ള പുരസ്കാരം എന്നതിലുപരി, ദീർഘകാലം സംഘടനാ-സാമൂഹിക രംഗത്ത് പ്രവർത്തിച്ച ഒരു നേതാവിനുള്ള ആദരവായി മാറുകയാണ്. അമേരിക്കൻ മലയാളി സമൂഹത്തിന്റെ വളർച്ചയ്ക്കായി സലിം നടത്തിയ പ്രവർത്തനങ്ങൾക്ക് ലഭിച്ച ഈ അംഗീകാരം അദ്ദേഹത്തിന്റെ സേവനയാത്രയിലെ മറ്റൊരു അഭിമാനകരമായ അധ്യായമാണ്.




LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

# ഇരട്ടക്കൊല: അനില ബേബിയുടെ മാനസികാരോഗ്യം കോടതിയുടെ പരിഗണനയിൽ;

## കേസ് ഇനി ഒക്ടോ. 16-നു



സാൻ ഹോസെ, കാലിഫോർണിയ: അഞ്ജന ഹരിയെയും ആൻ മേരി മാത്യുവിനെയും കൊലപ്പെടുത്തിയ കേസിൽ പ്രതിയായ അനില ബേബിക്ക്, 33, വിചാരണ നേരിടാനുള്ള മാനസികാരോഗ്യം ഉണ്ടോ എന്നത് കോടതി പരിഗണിക്കും. പ്രതിഭാഗം അഭിഭാഷകൻ ഷോൺ എം. ജോർജ്, അനില ബേബിയുടെ മാനസികാരോഗ്യം സംബന്ധിച്ച് സംശയം പ്രകടിപ്പിച്ചു. ഇതേതുടർന്ന് ഇക്കാര്യത്തിനു ഡോക്ടർമാരെ നിയോഗിക്കുന്നതും മറ്റും പരിശോധിക്കാൻ കോടതി അടുത്ത വെള്ളിയാഴ്ച (ഒക്ടോബർ 16) വീണ്ടും കേസ് പരിഗണിക്കുമെന്ന് പ്രോസിക്യൂഷൻ വക്താവ് ഇ-മലയാളിയെ അറിയിച്ചു.

ഇന്ന് (വ്യാഴം) രാവിലെ സാന്റ ക്ലാര കോടതിയിൽ നടന്ന നടപടിക്രമങ്ങൾ വീക്ഷിക്കാൻ കൊല്ലപ്പെട്ടവരുടെ ഏതാനും സുഹൃത്തുക്കളും കുടുംബാംഗങ്ങളും സന്നിഹിതരായിരുന്നു. എന്നാൽ മാധ്യമപ്രവർത്തകർ കാര്യമായി ഉണ്ടായില്ല.

‘എന്റെ കക്ഷിയുമായി നേരിട്ടു നടത്തിയ സംഭാഷണങ്ങളുടെ അടിസ്ഥാനത്തിൽ, വിചാരണ നേരിടാനുള്ള അവരുടെ പ്രാപ്തിയെക്കുറിച്ച് എനിക്ക് സംശയങ്ങളുണ്ട്,‘ അറ്റോർണി ഷോൺ എം. ജോർജ് അറിയിച്ചു. ‘ഇക്കാര്യം, പീനൽ കോഡ് സെക്ഷൻ 1368 പ്രകാരം ഞാൻ ഇന്ന് രാവിലെ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി. നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങളിലൂടെ, വിചാരണ നേരിടാൻ എന്റെ കക്ഷിക്ക് പ്രാപ്തിയുണ്ടോ എന്ന് ഇനി കോടതി തീരുമാനിക്കും.

‘അതിനായി മാനസികാരോഗ്യ വിദഗ്ധരെ നിയമിക്കുന്നത് തീരുമാനിക്കാൻ കോടതി ഒക്ടോബർ 16-ലേക്ക് കേസ് മാറ്റി വച്ചു. ഈ പരിശോധന പൂർത്തിയായ ശേഷം, വിദഗ്ധരുടെ

റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കേസ് പരിഗണിക്കാൻ ഞങ്ങൾ വീണ്ടും കോടതിയിലെത്തും,' അദ്ദേഹം വ്യക്തമാക്കി.

ഇന്നത്തെ നടപടിയിൽ പ്രതിക്ക് ക്രിമിനൽ കേസ് നേരിടാനുള്ള മാനസിക ശേഷിയെക്കുറിച്ച് സംശയം (doubt as to competency) രേഖപ്പെടുത്തുന്നതിനുള്ള നടപടികളാണ് പ്രധാനമായും നടക്കുകയെന്ന് സാന്താ ക്ലാര കൗണ്ടി ഡിസ്ട്രിക്ട് അറ്റോർണി ഓഫീസിലെ കമ്മ്യൂണിക്കേഷൻസ് ഓഫീസർ സിന്തിയ സുമിഡ നേരത്തെ ഇ-മലയാളിയോട് വ്യക്തമാക്കിയിരുന്നു .

പ്രതിഭാഗമാണ് ഒക്ടോബർ 8-ലേക്ക് ഹിയറിങ് മാറ്റണമെന്ന് ആവശ്യപ്പെട്ടത്. കേസിന്റെ നിലവിലെ ഘട്ടത്തിൽ പ്രതിഭാഗം ജാമ്യാപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും സുമിഡ വ്യക്തമാക്കി. ഇതോടെ, നേരത്തെ നവംബർ 17-ന് നിശ്ചയിച്ചിരുന്ന plea hearingന് പകരം ഇന്നത്തെ നടപടികൾ കേസിന്റെ മറ്റൊരു നിർണായക നിയമഘട്ടത്തിലേക്ക് നീങ്ങുന്നതിന്റെ സൂചനയാണ് നൽകുന്നത്.

കോമ്പിറ്റൻസി എന്നത് പ്രതിക്ക് മാനസിക രോഗമുണ്ടോ എന്നതുമാത്രം പരിശോധിക്കുന്നതല്ല. തനിക്കെതിരായ ക്രിമിനൽ നടപടികളുടെ സ്വഭാവവും അർഥവുംമനസ്സിലാക്കാനും അഭിഭാഷകനുമായി യുക്തിപൂർവം സഹകരിച്ച് പ്രതിരോധം നടത്താനും പ്രതിക്ക് നിലവിൽ കഴിയുന്നുണ്ടോ എന്നതാണ് പ്രധാന നിയമചോദ്യം. കാലിഫോർണിയ നിയമത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രത്യേക നടപടിക്രമമാണ് നിലവിലുള്ളത്.

കോടതിയിൽ കോമ്പിറ്റൻസി സംബന്ധിച്ച് സംശയം ഉയർന്നാൽ, അതേക്കുറിച്ച് അന്വേഷണം നടത്തുന്നതിനും ആവശ്യമായാൽ പ്രത്യേക കോമ്പിറ്റൻസി ഹിയറിങ് നടത്തുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു. അത്തരം ഹിയറിങ്ങിൽ പ്രതി കോമ്പിറ്റന്റ് ആണെന്ന് നിയമപരമായി കണക്കാക്കുന്നതാണ് പ്രാഥമികമായ നടപടി. കോമ്പിറ്റൻസി തെളിയിക്കേണ്ടത് തെളിവുകളുടെ അടിസ്ഥാനത്തിലാണ്.

രണ്ട് കൊലക്കുറ്റങ്ങളാണ് അനില ബേബിക്കെതിരെ നിലവിലുള്ളത്. കോമ്പിറ്റൻസി സംബന്ധിച്ച ഹിയറിംഗ് ആവശ്യമായി വന്നാൽ, കേസിന്റെ സാധാരണ ക്രിമിനൽ നടപടികൾ അതിന്റെ ഫലം വരുന്നതുവരെ നിർത്തിവയ്ക്കാൻ സാധ്യതയുണ്ട്. പ്രതി കോമ്പിറ്റൻസിയിൽ പരാജയപ്പെട്ടതായി കോടതി കണ്ടെത്തിയാൽ, വീണ്ടും കേസ് നേരിടാൻ യോഗ്യയാകുന്നതുവരെ ചികിത്സ ഉൾപ്പെടെയുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ട നിയമനടപടികളിലേക്ക് കേസ് മാറാം.

ആഗസ്റ്റ് 28-ന് മിൽപിറ്റാസിൽ അഞ്ജന ഹരി വാഹനമിടിച്ച് കൊല്ലപ്പെട്ടതും അതേ ദിവസം സാൻ ഹൊസെയിൽ ആൻ മേരി മാത്യു കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ടാണ് അനില ബേബിക്കെതിരെ രണ്ട് മർഡർ കൗണ്ട്സ് ചുമത്തിയിരിക്കുന്നത്.




emalayalee.com
Great News!
NOW YOU CAN
INSTANTLY
PLACE YOUR ADVT
or
BOOK YOUR AD SPACE
ON
eMalayalee.com
TARGET MALAYALEE AUDIENCE
THOUSANDS OF DAILY VISITORS
BOOST YOUR BRAND VISIBILITY
EASY, FAST & EFFECTIVE
WIDE ONLINE REACH
PREMIUM AD SPACES AVAILABLE
TRUSTED MEDIA PLATFORM
Just Click
eMalayalee.com/Advertise

# ഫൊക്കാന കേരള കൺവെൻഷൻ 2027: രജിസ്ട്രേഷൻ ആരംഭിച്ചു.

ജിജി ടോം

ഫൊക്കാന പി. ആർ. ഒ




ന്യൂയോർക്ക്: അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ കേരള കൺവെൻഷൻ 2027 ജനുവരി 11 മുതൽ 13 വരെ കൊച്ചിയിലെ ഗ്രാൻഡ് ഹയാത്തിൽ നടക്കും. കൺവെൻഷനിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചതായി ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പും ഭാരവാഹികളും അറിയിച്ചു. അമേരിക്കയിലും കാനഡയിലുമായി നൂറിലധികം അംഗസംഘടനകളുള്ള ഫൊക്കാന, അഞ്ചുലക്ഷത്തിലധികം പ്രവാസി മലയാളികളെ പ്രതിനിധീകരിക്കുന്ന വടക്കേ അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനകളുടെ കൂട്ടായ്മയാണ്. 1983-ൽ രൂപംകൊണ്ട ഫൊക്കാന നാല് പതിറ്റാണ്ടിലേറെയായി കേരളത്തിന്റെ സാംസ്കാരിക പൈതൃകം പ്രോത്സാഹിപ്പിക്കുന്നതിനും പ്രവാസി മലയാളികളുടെ ക്ഷേമത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി വരുന്നു. ഫൊക്കാന കേരള കൺവെൻഷനിൽ കേരള ഗവർണർ , മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ കേരളത്തിലെ വിവിധ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങളും വ്യവസായികളും സാമൂഹിക-

സാംസ്കാരിക രംഗത്തെ പ്രമുഖരും സ്വാധീനമുള്ള പ്രവാസി മലയാളികളും പങ്കെടുക്കും. പ്രമുഖ വ്യവസായ, സാമൂഹ്യ, ജീവകാരുണ്യ, സാഹിത്യ പ്രതിഭകളെ ആദരിക്കുന്നതിനൊപ്പം വിവിധ ജീവകാരുണ്യ പദ്ധതികൾക്കും കൺവെൻഷനിൽ തുടക്കം കുറിക്കും. അർഹരായ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്, ദുരിതമനുഭവിക്കുന്നവർക്ക് മെഡിക്കൽ സഹായം, ഭവനനിർമാണ പദ്ധതികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടും.

കേരള സർക്കാരിന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിയിലും ഫൊക്കാന പങ്കാളികളാകും. വിവിധ ബിസിനസ് സ്ഥാപനങ്ങൾക്ക് തങ്ങളുടെ ബ്രാൻഡുകൾ പരിചയപ്പെടുത്തുന്നതിനും ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനുമുള്ള അവസരവും കൺവെൻഷൻ ഒരുക്കും.

കേരളത്തിലും വടക്കേ അമേരിക്കയിലുമുള്ള മലയാളി സമൂഹത്തിന്റെ സൗഹൃദവും സഹകരണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വേദിയായി കേരള കൺവെൻഷൻ 2027 മാറുമെന്ന് സംഘാടകർ അറിയിച്ചു.

കേരളാ കൺവെൻഷൻ ചെയർമാനായി മുൻ ഫൊക്കാന പ്രസിഡണ്ട് ജോർജി വർഗീസ് (ഫ്ലോറിഡ), കോർഡിനേറ്ററായി മുൻ ഫൊക്കാന പ്രസിഡണ്ട് പോൾ കറുകപ്പിള്ളിൽ, രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാനായി കോശി കുരുവിള എന്നിവരും, ഫ്രാൻസിസ് കിഴക്കേകൂറ്റ് റിസപ്ഷൻ കമ്മിറ്റി ചെയർമാൻ, ഷീല ജോസഫ് വൈസ് ചെയർപേഴ്സണായും പ്രവർത്തിക്കുന്നു.

ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആൻഡ്രോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിൻഡോ ജോളി, വൈസ് പ്രസിഡന്റ് ജോസി കരക്കാട്ട്, അസോസിയേറ്റ് സെക്രട്ടറി സോണി അമ്പൂക്കൻ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി ഡോ. അജു ഉമ്മൻ, അസോസിയേറ്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മറിയാ ജോസഫ്, വുമൺസ് ഫോറം ചെയർ ഡോ. ഷൈനി രാജു, ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ സജിമോൻ ആന്റണി എന്നിവരോടൊപ്പം ഫൊക്കാനയുടെ വിവിധ കമ്മിറ്റി അംഗങ്ങളും കൺവെൻഷന്റെ വിജയത്തിനായി




MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# ഇർവിംഗ് ഡിഎഫ്ഡബ്ള്യു ഇന്ത്യൻ ലയൺസ് ക്ലബ് മുപ്പതാം വാർഷികം ആഘോഷിച്ചു; ചാർട്ടർ അംഗങ്ങൾക്ക് ആദരം



മാർട്ടിൻ വിലങ്ങോലിൽ

ഡാളസ്: ഇർവിംഗ് ഡിഎഫ്ഡബ്ല്യു ഇന്ത്യൻ ലയൺസ് ക്ലബ്ബിന്റെ (ഡിസ്ട്രിക്ട് 2X1) മുപ്പതാം വാർഷിക ആഘോഷവും കുടുംബസംഗമവും പ്രൗഢ ഗംഭീരമായി നടന്നു. ടെക്സസിലെ ഫ്ലവർ മൗണ്ടിലുള്ള ടിൻ കോവ്സ് പാർക്കിൽ നടന്ന ആഘോഷപരിപാടിയിൽ ചാർട്ടർ അംഗങ്ങളും മുതിർന്ന അംഗങ്ങളും കുടുംബാംഗങ്ങളും പങ്കെടുത്തു.

ലയൺ ഉമ ഹരിദാസ് ആലപിച്ച അമേരിക്കൻ, ഇന്ത്യൻ ദേശീയഗാനങ്ങളോടെയാണ് പരിപാടികൾക്ക് തുടക്കമായത്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി ക്ലബ്ബ് നടത്തിവരുന്ന ജീവകാരുണ്യ സാമൂഹിക സേവനങ്ങളെക്കുറിച്ച് പ്രസിഡന്റ് ലയൺ ജിജോ പേരേപ്പാടൻ അധ്യക്ഷ പ്രസംഗത്തിൽ ഓർമിച്ചു. 51 ലയൺ കുടുംബങ്ങളുടെ കരുത്തുമായാണ് ക്ലബ്ബ് മുപ്പതാം വാർഷികത്തിലേക്ക് എത്തുന്നതെന്നും, സ്ഥാപക അംഗങ്ങളുടെ ആത്മാർത്ഥമായ സേവനമാണ് ക്ലബ്ബിനെ ഇന്നത്തെ നിലയിലെത്തിച്ചതെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ഡിസ്ട്രിക്ട് ഗവർണർ ഗാരി വൈൻയാർഡ് ക്ലബ്ബിന്റെ പുതിയ വെബ്സൈറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഫസ്റ്റ് വൈസ് ഡിസ്ട്രിക്ട് ഗവർണർ നിയ മക്കേ ലയൺസ് പ്രസ്ഥാനത്തിന്റെ മൂല്യങ്ങളെക്കുറിച്ച് സന്ദേശം നൽകി.

ചാർട്ടർ അംഗങ്ങൾക്ക് ആദരം:- ക്ലബ്ബിന്റെ സ്ഥാപക ലക്ഷ്യമായ “We Serve’ (ഞങ്ങൾ സേവിക്കുന്നു) എന്ന മുദ്രാവാക്യം മുൻനിർത്തി കഴിഞ്ഞ 30 വർഷമായി സജീവമായി



പ്രവർത്തിക്കുന്ന 12 ചാർട്ടർ അംഗങ്ങളെ പ്രശസ്തിപത്രം നൽകി ആദരിച്ചു. ലയൺ കോശി പണിക്കർ, ലയൺ വിക്ടർ എബ്രഹാം, ലയൺ റോയ് ചിറയിൽ, ലയൺ ജോൺ എം. ജോസഫ് (എം.ഡി.), ലയൺ എ.പി. ഹരിദാസ്, ലയൺ ഡോ. അബ്ദുൾ റഷീദ് (പി.എച്ച്.ഡി.), ലയൺ പീറ്റർ ബി. നെറ്റോ, ലയൺ തോമസ് വർഗീസ് (എം.ഡി.), ലയൺ ജോർജ് അഗസ്റ്റിൻ, ലയൺ രാമചന്ദ്രൻ നായർ, ലയൺ എ.വി. തോമസ്, ലയൺ രാജീവ് ജോസഫ് (എം.ഡി.) എന്നിവരാണ് ആദരിക്കപ്പെട്ട ചാർട്ടർ അംഗങ്ങൾ. 25 വർഷത്തെ അംഗത്വവും സേവനവും പൂർത്തിയാക്കിയ ലയൺ ജോൺ ജോയിക്കും ചടങ്ങിൽ പ്രത്യേക ആദരം നൽകി.

ക്ലബ് പ്രസിഡന്റ് ലയൺ ജിജോ പേരേപ്പാടൻ, സെക്രട്ടറി ലയൺ കിഷോർ ബുദ്ധെ, ട്രഷറർ ലയൺ സോം തോമസ്, റീജിയണൽ ചെയർ ലയൺ ജോർജ് ജോസഫ്, ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിലാണ് പരിപാടികൾ ആസൂത്രണം ചെയ്തത്. ലയൺ ജീനാ പോൾ മാസ്റ്റർ ഓഫ് സെറിമണിയായിരുന്നു. ലയൺ രാജു കാട്ടടിയും ലയൺ ജീവ കാട്ടടിയും സംഘടിപ്പിച്ച വിവിധ വിനോദ പരിപാടികളും സംഗീതവിരുന്നും വിഭവസമൃദ്ധമായ പോട്ട്ലക്ക് അത്താഴവും ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടി.

'ചാരിറ്റി നൈറ്റ് 2026' ഒക്ടോബർ 10-ന് നടക്കും: ക്ലബ്ബിന്റെ അടുത്ത പ്രധാന ജീവകാരുണ്യ സംരംഭമായ 'ചാരിറ്റി നൈറ്റ് 2026' ഒക്ടോബർ 10-ന് നടക്കും. ജോർജ് അഗസ്റ്റിൻ ചെയർമാനായുള്ള ഈ ഫണ്ട് റെയ്സിംഗ് പരിപാടിയിലൂടെ സമാഹരിക്കുന്ന തുക ക്ലബ് ബ്രാഞ്ച്, ലിയോ ക്ലബ് സേവന പദ്ധതികൾ, -ഹൃദയാഘാത ബോധവൽക്കരണ സംരംഭം, പ്രൈമറി കെയർ ക്ലിനിക് ഓഫ് ടെക്സസ് തുടങ്ങിയ പ്രോജക്ടുകൾക്കായി വിനിയോഗിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ലയൺ ജിജോ പേരേപ്പാടൻ (പ്രസിഡന്റ്), ഇർവിംഗ് ഡിഎഫ്ഡബ്ള്യൂ ഇന്ത്യൻ ലയൺസ് ക്ലബ്. ഫോൺ - 857-500-2325



emalayalee.com

# ഇ-മലയാളി
# കഥാമത്സരം
# 2026



## കഥകൾ ക്ഷണിക്കുന്നു
## ഇ-മലയാളി - 2026 കഥാമത്സരത്തിലേക്ക് കഥകൾ ക്ഷണിക്കുന്നു. ലോകമെമ്പാടുമുള്ള എല്ലാ എഴുത്തുകാർക്കും പങ്കെടുക്കാം.

**ഒന്നാം സമ്മാനം 50,000 രൂപ**

**രണ്ടാം സമ്മാനം 25,000 രൂപ**

**മൂന്നാം സമ്മാനം 10,000 രൂപ**

കൂടാതെ ജൂറി അവാർഡുകളോ പ്രോത്സാഹന സമ്മാനങ്ങളോ പ്രത്യേക അംഗീകാരങ്ങളോ (സർട്ടിഫിക്കറ്റുകൾ മാത്രം) രചനകൾ വിലയിരുത്തുന്ന കമ്മറ്റിയുടെ ശുപാർശ പോലെ നൽകും .

1. കഥകൾക്ക് പ്രത്യേക വിഷയങ്ങൾ ഇല്ല. എങ്കിലും അശ്ളീല ചുവയുള്ളതോ, പ്രകോപനപരമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നതോ, ജാതി-മത-രാഷ്ട്രീയ സ്വഭാവമുള്ളതോ ആയ രചനകൾ തിരസ്കരിക്കപ്പെടും.
2. ഗൂഗിൾ എഴുത്തുപകരണങ്ങളിലെ ഫോണ്ട് ഉപയോഗിക്കുക (Unicode, ML TT കാർത്തിക എന്നിവയും ആകാം)
3. പതിനെട്ടു വയസ്സ് കഴിഞ്ഞ ഏതു പ്രായക്കാർക്കും കഥകൾ അയക്കാം.
4. മുമ്പ് പ്രസിദ്ധീകരിച്ച കഥകൾ സ്വീകാര്യമല്ല. അയച്ചുതരുന്ന കഥകൾ ഇ മലയാളി പ്രസിദ്ധീകരിക്കും.
5. ജൂറി തിരഞ്ഞെടുക്കുന്ന ചുരുക്കപ്പട്ടിക മാത്രമായിരിക്കും പ്രസിദ്ധീകരിക്കുക. അതിൽ നിന്നുമാണ് വിജയികളെ തിരഞ്ഞെടുക്കുക .
6. രചനകൾ mag.emalayalee@gmail.com എന്ന വിലാസത്തിൽ അയക്കുക.
7. കഥകൾ ലഭിക്കേണ്ട അവസാന തിയ്യതി ഒക്ടോബർ 31, 2026

സമ്മാനാർഹരുടെ പേരുവിവരങ്ങൾ 2026 ക്രിസ്തുമസ് ദിനത്തിൽ പ്രഖ്യാപിക്കും.

കൂടുതൽ വിവരങ്ങൾക്ക് സുധീർ പണിക്കവീട്ടിലുമായി ബന്ധപ്പെടാം:

mag.emalayalee@gmail.com

**ഇ-മലയാളി പത്രാധിപസമിതി**

# ഷോപ്പ് ലിഫ്റ്റിംഗ് തടയാൻ റീട്ടെയിൽ മേഖലയ്ക്കായി AI വീഡിയോ അനലിറ്റിക്സ് പ്ലാറ്റ്ഫോമായ CAPASai അവതരിപ്പിച്ചു



നിലവിലുള്ള CCTV സംവിധാനങ്ങൾ ഉപയോഗിച്ച് സംശയാസ്പദമായ പ്രവർത്തനങ്ങളും ഷോപ്പ് ലിഫ്റ്റിംഗ് സാധ്യതകളും തത്സമയം കണ്ടെത്താൻ സഹായിക്കുന്ന AI പ്ലാറ്റ്ഫോം

സ്ട്രീം പെർഫെക്റ്റ് ഗ്ലോബൽ സർവീസസ് (SPGS), റീട്ടെയിൽ സ്ഥാപനങ്ങളിൽ ഷോപ്പ് ലിഫ്റ്റിംഗും മറ്റ് നഷ്ടനിയന്ത്രണ (Loss Prevention) അപകടസാധ്യതകളും തത്സമയം കണ്ടെത്താൻ സഹായിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത വീഡിയോ അനലിറ്റിക്സ് പ്ലാറ്റ്ഫോമായ CAPASai അവതരിപ്പിച്ചു.

നിലവിലുള്ള CCTV സംവിധാനങ്ങളുമായി സംയോജിച്ച് പ്രവർത്തിക്കുന്ന CAPASai, AI സാങ്കേതികവിദ്യ ഉപയോഗിച്ച് തത്സമയ വീഡിയോ ദൃശ്യങ്ങൾ വിശകലനം ചെയ്യുകയും സുരക്ഷാ പ്രശ്നങ്ങളോ നഷ്ടനിയന്ത്രണവുമായി ബന്ധപ്പെട്ട സംഭവങ്ങളോ സൂചിപ്പിക്കാവുന്ന മുൻകൂട്ടി നിർവചിച്ചിട്ടുള്ള പെരുമാറ്റങ്ങളും പ്രവർത്തന രീതികളും തിരിച്ചറിയുകയും ചെയ്യുന്നു.

ഉൽപ്പന്നങ്ങൾ അസാധാരണമായി കൈകാര്യം ചെയ്യുന്നത്, സാധനങ്ങൾ മറയ്ക്കാൻ ശ്രമിക്കുന്നതായി തോന്നുന്ന പ്രവർത്തനങ്ങൾ, നിയന്ത്രിത മേഖലകളിലേക്കുള്ള പ്രവേശനം തുടങ്ങിയവ CAPASai തിരിച്ചറിയാൻ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. സാധ്യതയുള്ള അപകടസാധ്യത കണ്ടെത്തുമ്പോൾ, ബന്ധപ്പെട്ട വീഡിയോ തെളിവുകൾ ഉൾപ്പെടുത്തി പ്ലാറ്റ്ഫോം തത്സമയ അലർട്ടുകൾ നൽകും.

സംഭവങ്ങൾ കൂടുതൽ വേഗത്തിൽ വിലയിരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും സ്റ്റോർ ജീവനക്കാർക്കും ലോസ്-പ്രിവൻഷൻ ടീമുകൾക്കും ഈ അലർട്ടുകൾ സഹായകമാകുമെന്ന് കമ്പനി പറയുന്നു.

SPGS-ന്റെ കണക്കനുസരിച്ച്, നിരീക്ഷിക്കുന്ന സംഭവത്തിന്റെ സ്വഭാവവും പ്രവർത്തന സാഹചര്യവും അനുസരിച്ച് CAPASai 87% മുതൽ 96% വരെ കണ്ടെത്തൽ കൃത്യത കൈവരിച്ചതായി കമ്പനി അവകാശപ്പെടുന്നു.

നിർണായക അലർട്ടുകൾ റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പ് മനുഷ്യരുടെ ഇടപെടലോടെയുള്ള പരിശോധനാ പ്രക്രിയയിലൂടെ സ്ഥിരീകരിക്കാനും സംവിധാനത്തിൽ സൗകര്യമുണ്ടെന്ന് കമ്പനി അറിയിച്ചു.

നിലവിലുള്ള റീട്ടെയിൽ അടിസ്ഥാ ന സൗ ക ര്യ ങ്ങ ളു മാ യി പ്രവർത്തിക്കും

നിലവിലുള്ള CCTV സംവിധാനങ്ങൾ മാറ്റിസ്ഥാപിക്കാതെ തന്നെ AI അധിഷ്ഠിത വീഡിയോ അനലിറ്റിക്സ് സാങ്കേതികവിദ്യ ഉപയോഗിക്കാൻ റീട്ടെയിൽ സ്ഥാപനങ്ങളെ സഹായിക്കുന്ന തരത്തിലാണ് CAPASai രൂപകൽപ്പന ചെയ്തിരിക്കുന്നത്.

സൂപ്പർമാർക്കറ്റുകൾ, കൺവീനിയൻസ് സ്റ്റോറുകൾ, ഫാർമസികൾ, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ, സ്പെഷ്യാലിറ്റി റീട്ടെയിലർമാർ, ഒന്നിലധികം ശാഖകളുള്ള റീട്ടെയിൽ ശൃംഖലകൾ എന്നിവയ്ക്കായി പ്ലാറ്റ്ഫോം രൂപകൽപ്പന ചെയ്തിട്ടുണ്ട്.

ഒന്നിലധികം ശാഖകളുള്ള റീട്ടെയിൽ സ്ഥാപനങ്ങൾക്ക് കേന്ദ്രീകൃത നിരീക്ഷണവും വീഡിയോ അനലിറ്റിക്സും നൽകാനും CAPASai-ക്ക് കഴിയും. ഇതിലൂടെ വിവിധ സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ ഒരൊറ്റ സംവിധാനത്തിലൂടെ നിരീക്ഷിക്കാൻ ലോസ്-പ്രിവൻഷൻ ടീമുകൾക്ക് സാധിക്കും.

പരമ്പരാഗത CCTV സംവിധാനങ്ങളെ വെറും ദൃശ്യങ്ങൾ റെക്കോർഡ് ചെയ്ത് പിന്നീട് പരിശോധിക്കുന്ന സംവിധാനത്തിൽ നിന്ന് തത്സമയ വിശകലനവും മുന്നറിയിപ്പുകളും നൽകുന്ന സജീവമായ ലോസ്-പ്രിവൻഷൻ സംവിധാനമാക്കി മാറ്റുകയാണ് CAPASaiയുടെ ലക്ഷ്യമെന്ന് കമ്പനി അറിയിച്ചു.

“പരമ്പരാഗത CCTVയെ ഒരു റെക്കോർഡിംഗ് സംവിധാനത്തിൽ നിന്ന് സജീവമായ ലോസ്-പ്രിവൻഷൻ, ഓപ്പറേഷണൽ ഇന്റലിജൻസ് പ്ലാറ്റ്ഫോമായി മാറ്റുന്നതിനാണ് CAPASai രൂപകൽപ്പന ചെയ്തിരിക്കുന്നത്,” CAPASai-യുടെ യുഎസ് ഓപ്പറേഷൻസ് ഡയറക്ടർ ജോർജ് മാത്യു പറഞ്ഞു.

ഷോപ്പ് ലിഫ്റ്റിംഗ്, ഇൻവെന്ററി നഷ്ടം, സുരക്ഷാ പ്രശ്നങ്ങൾ തുടങ്ങിയ വെല്ലുവിളികൾ റീട്ടെയിൽ മേഖലയ്ക്ക് തുടരുന്ന സാഹചര്യത്തിൽ, സാധ്യതയുള്ള സംഭവങ്ങൾ നേരത്തെ തിരിച്ചറിയാനും ജീവനക്കാരുടെ പ്രതികരണ സമയം മെച്ചപ്പെടുത്താനും AI അധിഷ്ഠിത വീഡിയോ അനലിറ്റിക്സ് കൂടുതൽ സഹായകരമായ സാങ്കേതികവിദ്യയായി മാറുകയാണ്.

CAPASai-യെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ CAPASai.com-ൽ ലഭ്യമാണ്.



# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see How much you can save with Allstate's New Car Discount*



**Allstate®**

You're in good hands.

**CALL**

**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

**30 Plus years in Insurance Business**

**We Offer 6 Hours Defensive Driving Course in NY/NJ**

# ഫൊക്കാന ട്രസ്റ്റീ ബോർഡ് ചെയർമാനായി സജിമോൻ ആന്റണി; വൈസ് ചെയർ തോമസ് തോമസ്; സെക്രട്ടറി ബിജു ജോൺ കൊട്ടാരക്കര





ന്യൂയോർക്ക്: ഫൊക്കാനയുടെ 2026–28 കാലയളവിലേക്കുള്ള ട്രസ്റ്റീ ബോർഡ് ചെയർമാനായി മുൻ പ്രസിഡന്റ് സജിമോൻ ആന്റണിയെയും, വൈസ് ചെയറായി തോമസ് തോമസിനെയും സെക്രട്ടറിയായി ബിജു ജോൺ കൊട്ടാരക്കരയെയും എതിരില്ലാതെ തെരഞ്ഞെടുത്തു.

ട്രസ്റ്റീ ബോർഡ് ചെയർമാനായിരുന്ന ജോജി തോമസിന്റെ നേതൃത്വത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പും ജനറൽ സെക്രട്ടറി സന്തോഷ് നായരും യോഗത്തിൽ സന്നിഹിതരായിരുന്നു. ട്രസ്റ്റീ ബോർഡ് അംഗങ്ങളായ മുൻ പ്രസിഡന്റ് സജിമോൻ ആന്റണി, ശ്രീകുമാർ ഉണ്ണിത്താൻ, ജോയി ചാക്കപ്പൻ, മാമ്മൻ സി. ജേക്കബ്, സതീശൻ നായർ, ബിജു ജോൺ, തോമസ് തോമസ്, മനോജ് ഇടമന, കെവിൻ ജോസഫ് തുടങ്ങിയ എല്ലാ ട്രസ്റ്റീ ബോർഡ് മെമ്പേഴ്സും യോഗത്തിൽ പങ്കെടുത്തു.

**സജിമോൻ ആന്റണി ഫൊക്കാന ട്രസ്റ്റീ ബോർഡ് ചെയർമാൻ**

ഫൊക്കാനയുടെ വിവിധ തലങ്ങളിൽ പ്രവർത്തിച്ച് ദേശീയ നേതൃത്വത്തിലേക്ക് ഉയർന്നുവന്ന സജിമോൻ ആന്റണി സംഘടനാ രംഗത്തെ പരിചയസമ്പന്നനായ നേതാവാണ്. ഫൊക്കാന നാഷണൽ കമ്മിറ്റി അംഗം, ട്രഷറർ, ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നീ വിവിധ ഉത്തരവാദിത്വങ്ങൾ വിജയകരമായി നിർവഹിച്ച ശേഷമാണ് അദ്ദേഹം ഇപ്പോൾ ഫൊക്കാന ട്രസ്റ്റീ ബോർഡ് ചെയർമാനായി ചുമതലയേൽക്കുന്നത്.

പരിമിതികളെ അവസരങ്ങളാക്കി മാറ്റുകയും പുതുമയാർന്ന ആശയങ്ങളെ പ്രായോഗിക പദ്ധതികളാക്കി മാറ്റുകയും ചെയ്യുന്ന പ്രവർത്തനശൈലിയാണ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിന്റെ പ്രധാന പ്രത്യേകത. ഫൊക്കാന മെഡിക്കൽ കാർഡ്, ഫൊക്കാന പ്രിവിലേജ് കാർഡ്, ഫൊക്കാന ഹെൽത്ത് ക്ലിനിക്ക്, ഫൊക്കാനയുടെ ഗിന്നസ് വേൾഡ് റെക്കോർഡ് പരിപാടികൾ തുടങ്ങി നിരവധി നൂതന പദ്ധതികൾ ആവിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പാക്കുകയും ചെയ്യുന്നതിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു.

ഫൊക്കാന ഗ്ലോബൽ എന്ന ആശയം യാഥാർഥ്യമാക്കുന്നതിലും പ്രൊഫഷണൽ സംഘടനകൾക്ക് ഫൊക്കാനയിൽ അംഗത്വം നൽകുന്നതിലും ഉൾപ്പെടെ നിരവധി ചരിത്രപരമായ തീരുമാനങ്ങൾക്ക് നേതൃത്വം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ നിലകളിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ സംഘടനയുടെ ഭരണനിർവഹണത്തിലും വിവിധ പദ്ധതികളുടെ ആസൂത്രണത്തിലും നടപ്പാക്കലിലും ശ്രദ്ധേയമായ സംഭാവനകളായി മാറി.

കാര്യക്ഷമമായ ഭരണനിർവഹണം, സുതാര്യമായ പ്രവർത്തനശൈലി,

നവീന ആശയങ്ങൾ, സമയബന്ധിതമായ പദ്ധതികളുടെ നടപ്പാക്കൽ എന്നിവയിലൂടെ ഫൊക്കാനയുടെ പ്രവർത്തനങ്ങളെ കൂടുതൽ സജീവവും ജനകീയവുമാക്കുന്നതിൽ സജിമോൻ ആന്റണി നിർണായക പങ്കുവഹിച്ചു.

കഴിഞ്ഞ വർഷങ്ങളിലെ ഫൊക്കാനയുടെ വളർച്ചയിലും സംഘടനയുടെ പ്രവർത്തന മികവിലും അദ്ദേഹത്തിന്റെ നേതൃത്വത്തിന് ശ്രദ്ധേയമായ സ്ഥാനമാണുള്ളത്.

ന്യൂജേഴ്സിയിലെ മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സി (MANJ)യുടെ പ്രസിഡന്റായിരിക്കെ സംഘടനയെ കൂടുതൽ സജീവമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പുതിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും സജിമോൻ ആന്റണി ശ്രദ്ധേയമായ പങ്കുവഹിച്ചു. സംഘടനാ പ്രവർത്തനങ്ങളിലെ അദ്ദേഹത്തിന്റെ പരിചയസമ്പത്തും വിവിധ തലങ്ങളിൽ പ്രവർത്തിച്ചുള്ള നേതൃത്വപാടവവും ഫൊക്കാനയുടെ ട്രസ്റ്റീ ബോർഡിന് പുതിയ ദിശാബോധം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംഘടനാ രംഗത്തിനൊപ്പം മാധ്യമരംഗത്തും സജിമോൻ ആന്റണി സജീവ സാന്നിധ്യമാണ്. ന്യൂസ്18, ചാനൽ 24, മനോരമ ന്യൂസ് തുടങ്ങിയ ടെലിവിഷൻ ചാനലുകളിലെ ചർച്ചകളിൽ പങ്കെടുത്ത് സാമൂഹികവും പൊതുപ്രാധാന്യമുള്ളതുമായ വിഷയങ്ങളിൽ തന്റെ നിലപാടുകളും അഭിപ്രായങ്ങളും അദ്ദേഹം അവതരിപ്പിച്ചുവരുന്നു.

വർഷങ്ങളായുള്ള സംഘടനാ പരിചയവും ഭരണനൈപുണ്യവും പുതിയ ആശയങ്ങളെ പ്രാവർത്തികമാക്കാനുള്ള കഴിവും കൈമുതലാക്കി ട്രസ്റ്റീ ബോർഡ് ചെയർമാനെന്ന പുതിയ ഉത്തരവാദിത്വത്തിലേക്ക് കടക്കുന്ന സജിമോൻ ആന്റണിയിൽ നിന്ന് ഫൊക്കാന കൂടുതൽ ശക്തമായ പ്രവർത്തനങ്ങളും ദീർഘവീക്ഷണമുള്ള തീരുമാനങ്ങളും പ്രതീക്ഷിക്കുന്നു.

**തോമസ് തോമസ്**

**ട്രസ്റ്റീ ബോർഡ്**

**വൈസ് ചെയർ**

ഫൊക്കാനയുടെ രൂപീകരണകാലം മുതൽ സംഘടനയോടൊപ്പം സജീവമായി പ്രവർത്തിച്ചുവരുന്ന മുതിർന്ന നേതാക്കളിൽ ഒരാളാണ് തോമസ് തോമസ്. ഫൊക്കാനയുടെ ആദ്യകാല ട്രഷററായിരുന്ന അദ്ദേഹം സംഘടനയുടെ സ്ഥാപക നേതൃത്വ നിരയിലെ പ്രധാന വ്യക്തികളിലൊരാളാണ്.

ഫൊക്കാനയോടൊപ്പം ഏകദേശം നാല് പതിറ്റാണ്ടായി സഞ്ചരിക്കുന്ന തോമസ് തോമസ്, സംഘടനയുടെ ഇതുവരെയുള്ള കൺവെൻഷനുകളിൽ തുടർച്ചയായി പങ്കെടുത്ത അപൂർവ വ്യക്തികളിൽ ഒരാളാണ്. ഫൊക്കാന കൺവെൻഷൻ വേദികളിലും സംഘടനയുടെ വിവിധ പ്രവർത്തനങ്ങളിലും അദ്ദേഹം എന്നും സജീവ സാന്നിധ്യമാണ്.

ജോർജി വർഗീസ് പ്രസിഡന്റ് ആയിരുന്ന കാലത്ത് വൈസ് പ്രസിഡന്റായും അദ്ദേഹം ഫൊക്കാനയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. അമേരിക്കയിലേക്കുള്ള മലയാളികളുടെ കുടിയേറ്റം ശക്തമായിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ ഡോ. എം. അനിരുദ്ധന്റെ നേതൃത്വത്തിൽ രൂപം കൊണ്ട ഫൊക്കാന എന്ന ആശയത്തിന് പിന്നിലെ ആദ്യകാല പ്രവർത്തകരിൽ തോമസ് തോമസിനും പ്രധാന പങ്കുണ്ടായിരുന്നു.

ഹോട്ടൽ മാനേജ്മെന്റിൽ മാസ്റ്റേഴ്സ് ബിരുദം നേടിയ അദ്ദേഹം അമേരിക്കയിലെ പ്രമുഖ ഹോട്ടലുകളിൽ പ്രവർത്തിക്കുകയും ഹോളണ്ട് ഹോട്ടലിന്റെ ജനറൽ മാനേജർ പദവിയിലെത്തുകയും ചെയ്തു. 2000-ൽ ട്രോഫി വേൾഡ് എന്ന സ്ഥാപനം ആരംഭിച്ചതോടെ ബിസിനസ് രംഗത്ത് പൂർണമായി ശ്രദ്ധ കേന്ദ്രീകരിച്ചു. ഇന്ന് അമേരിക്കയിലെ മലയാളി ഉടമസ്ഥതയിലുള്ള ശ്രദ്ധേയമായ ട്രോഫി സ്ഥാപനങ്ങളിലൊന്നായി ട്രോഫി വേൾഡ് അറിയപ്പെടുന്നു.

സാമൂഹിക, സാംസ്കാരിക മേഖലകളിലും അമേരിക്കയിലെ മലയാളി സമൂഹത്തിനിടയിലും തോമസ് തോമസ് സജീവ സാന്നിധ്യമാണ്.

**ബിജു ജോൺ**

**ട്രസ്റ്റീ ബോർഡ് സെക്രട്ടറി**

ഫൊക്കാനയുടെ 2022-24 ഭരണസമിതിയിൽ ട്രഷററായി പ്രവർത്തിച്ച ബിജു ജോൺ കൊട്ടാരക്കര, സാമ്പത്തിക കാര്യനിർവഹണത്തിലും സംഘടനാ പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ പരിചയസമ്പത്തുള്ള നേതാവാണ്.

മുൻ അഡീഷണൽ അസോസിയേറ്റ് ട്രഷറർ, ട്രസ്റ്റീ ബോർഡ് സെക്രട്ടറി എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഫൊക്കാനയുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്ത ബിജു, സംഘടനയുടെ ഭരണപരമായ വിവിധ മേഖലകളിൽ തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. നിലവിൽ ലോക കേരള സഭാംഗം കൂടിയാണ്.

മാധ്യമപ്രവർത്തകനായ ബിജു ജോൺ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (IPCNA) ന്യൂയോർക്ക് ചാപ്റ്റർ ഭാരവാഹിയായും പ്രവർത്തിച്ചിട്ടുണ്ട്. ഫൊക്കാനയുടെ ത്രൈമാസികയായ ഫൊക്കാന ടുഡേയുടെ ചീഫ് എഡിറ്റർ, ഫൊക്കാന കൺവെൻഷൻ മാഗസിന്റെ ചീഫ് എഡിറ്റർ, കേരളാ സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കിന്റെ സിൽവർ ജൂബിലി സുവനീറിന്റെ ചീഫ് എഡിറ്റർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കേരള എൻജിനീയറിംഗ് ഗ്രാജുവേറ്റ് അസോസിയേഷൻ ഇൻ നോർത്ത് അമേരിക്കയുടെ (KEAN) ന്യൂസ്ലെറ്റർ ആൻഡ് പബ്ലിക്കേഷൻസ് കോർഡിനേറ്ററായും, KEAN ലോംഗ് ഐലൻഡ് റീജിയണൽ വൈസ് പ്രസിഡന്റ്, പബ്ലിക് റിലേഷൻസ് കോർഡിനേറ്റർ എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്.

എൻജിനീയറിംഗ്, എം.ബി.എ. ബിരുദധാരിയായ ബിജു ജോൺ കൊട്ടാരക്കര ന്യൂ യോർക്ക് സിറ്റി ട്രാൻസിറ്റ് അതോറിറ്റിയിലെ ജോലിയോടൊപ്പം വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമാണ്.

ഫൊക്കാനയുടെ പുതിയ ട്രസ്റ്റീ ബോർഡ് നേതൃത്വം സംഘടനയുടെ ഭരണപരമായ തുടർച്ചയ്ക്കും ഭാവി പ്രവർത്തനങ്ങൾക്കും കൂടുതൽ ഊർജം പകരുമെന്ന പ്രതീക്ഷയിലാണ് ഫൊക്കാന പ്രവർത്തകർ.



# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States**
**NY, NJ, PA, & CT.**

State Farm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

## പുസ്തക പരിചയം – 42

# പച്ചയ്ക്ക്

## (കവിതാസമാഹാരം) ജയൻ കെ. സി.






**പുസ്തക പരിചയം**
**തയ്യാറാക്കിയത്**
**ബാജി ഓടംവേലി, ഡാലസ്**

കവി, ചലച്ചിത്രകാരൻ, തിരക്കഥാകൃത്ത്, എന്നീ നിലകളിൽ പ്രശസ്തനായ ജയൻ കെ. സി. യുടെ തെരഞ്ഞെടുത്ത കവിതകളുടെ സമാഹാരമാണ് 'പച്ചയ്ക്ക്' എന്ന ഈ പുസ്തകം. 1997 നും 2006 നു ഇടയിൽ മലയാളത്തിലെ പ്രമുഖ ആനുകാലികങ്ങളിൽ വെളിച്ചം കണ്ടതും ആധുനിക മലയാളം അവേശത്തോടെ ചർച്ച ചെയ്യപ്പെട്ടവയുമാണിത്. സമകാലികരുടെ കവിതകളിൽ നിന്നും പ്രകടമായും വ്യത്യസ്തമാണ് ഈ കവിതകൾ. ഭാഷാരൂപകാലങ്കാരങ്ങൾ, പ്രതിബിംബകല്പനകൾ എന്നു മാത്രമല്ല പ്രമേയ സ്വീകരണത്തിലും ഇത് വേറിട്ടു നിൽക്കുന്നു.

സ്വന്തം തട്ടകത്തിൽ നിന്ന് നിഷ്കാസിതനായ ഒരു കുടിയേറ്റക്കാരന്റെ കവിതകളാണിത്. മനസ്സിൽ മലയാളനാടും ഭാരതവും പച്ച വിരിച്ച് നിൽക്കുമ്പോഴും അമേരിക്കയിൽ കുടിയേറ്റക്കാരനായി ജീവിക്കുകയും ഇവിടുത്തെ യാഥാർത്ഥ്യങ്ങളോട് നിരന്തരമായി സംവേദിക്കുകയും ചെയ്തു കൊണ്ടാണ് ഈ കവിതകൾ രചിക്കപ്പെട്ടത്.

പുസ്തകത്തിന്റെ ശീർഷകമായ 'പച്ചയ്ക്ക്' എന്ന പേരിൽ ഒരു കവിത ഈ പുസ്തകത്തിൽ ഇല്ലെങ്കിലും കവിതകളൊക്കെ പച്ചയ്ക്കു തന്നെ പറയേണ്ട കാര്യങ്ങൾ പറയുന്നവയാണ്. ലളിത വായനക്കാർക്കുള്ളതല്ല ഈ ഗദ്യ കവിതകൾ. ഒരോ കവിതയും പല ആവർത്തി വായിക്കുമ്പോൾ കൂടുതൽ ആഴങ്ങളിലേക്ക് ഊളിയിടാനാവും.

'കിളി' എന്ന കവിതയിൽ കൂടുവിട്ടുണർന്ന്, കൂടും, കൂടിരിക്കും ചില്ലയും, ചില്ലപേറും മരവും, മരം മുളച്ച മലയും, മലയൊഴിച്ച പുഴയും, പുഴ വിഴുങ്ങിയ കരയും, കരയും പുഴയുമാകെ വിഴുങ്ങിയ കടലും, കണ്ടുവെന്ന് പറഞ്ഞ് തുടങ്ങി അത് അളക്കുന്നതും അതൊക്കെ വിഴുങ്ങുന്നതും പിന്നെ ചിറക് വിരിച്ച് ആദിയും അന്തവുമില്ലാത്ത ആകാശമാകുന്നതായി പറയുന്ന മനോഹരമായ ഒരു പരിസ്ഥിതി കവിതയാണ്. ദുരമൂത്ത് എല്ലാം എനിക്കു വേണം എനിക്കു മാത്രം വേണം എന്നു പറഞ്ഞ് മുച്ചൂടും വിഴുങ്ങുന്നവരായി മനുഷ്യൻ മാറിപ്പോയിരിക്കുന്നു.

'എഴുത്തുമെഴുത്തച്ഛനെയും
എഴുത്താണിയിൽത്തളച്ച
എഴുത്തിന്റെ പ്രഭുക്കളെ
വഴങ്ങി നിൽക്കാതെ
ഒഴിഞ്ഞു മാറുക
കിഴിഞ്ഞു നോക്കാതെ
നേരെ നിൽക്കുക'

'ഓർമ്മയിൽനിന്നെക്കോർത്തു നിൽക്കുക
കാറ്റിനെതിരെ നേർത്തു നിൽക്കുക'

എന്ന് 'കാഞ്ഞിരസ്മരണ' എന്ന കവിതയിൽ നാം എങ്ങനെയാണ് കാറ്റിനെതിരെ ഒടിയാതെ നിൽക്കേണ്ടതെന്ന് പറയുന്നുണ്ട്.

'ദുരന്തം' എന്ന കവിതയിൽ എന്റെ രക്തവും നിന്റെ രക്തവും, എന്റെ ജീവനും നിന്റെ ജീവനും ഒന്നാണെന്നും; അഹന്ത വാർന്ന എന്റെ മരണവും കുഴിബോബുകൾക്ക് മുകളിൽ വരണ്ട കാറ്റിലേക്ക് അസ്ഥി കൂർപ്പിക്കുന്ന നിന്റെ ജീവിതവും തുല്യമാണെന്ന് പറയുന്നു.

'വിളക്ക്
ഇരുട്ടിനെ
നക്കിക്കൊണ്ടിരുന്നു.
പ്രാർത്ഥനയുടെ സ്വാദുള്ള സന്ധ്യ
അത്താഴമണങ്ങളിൽ
മുങ്ങിയിരുന്നു.
ചാരം പൂണ്ട അടുപ്പിലൂടെ
അതിഴയുന്നത്
അമ്മ കണ്ടു
ആരോടും പറഞ്ഞില്ല'

എന്ന് 'വിശപ്പ് ' എന്ന് കവിതയിൽ വായിക്കുന്നു. അങ്ങനെ ഓരോ വാക്കുകളും വളരെ സൂക്ഷമതയോടെ തെരഞ്ഞെടുത്താണ് ഓരോ കവിതയും നിർമ്മിച്ചിരിക്കുന്നത്. വായനക്കാർക്ക് ചിന്തിക്കുവാനുള്ള മൗനം വാക്കുകൾക്കിടയിൽ നിക്ഷേപിച്ചിരിക്കുന്നതിനാൽ വായന പൂർത്തിയാവുമ്പോൾ കവിത വായനക്കാരന്റെ കവിതയായി മാറും. പിന്നീട് എഴുത്തുകാരൻ ആ കവിതയിൽ എന്താണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യാകുലപ്പെടേണ്ട കാര്യമില്ല. അങ്ങനെ വ്യാകുലപ്പെട്ടാലും പിടിതരാതെ കവിയുടെ കവിത അവിടെത്തന്നെ യുണ്ടാവും.




'യൊ മാമാസ് ലാസ്റ്റ സപ്പർ' എന്ന കവിത പ്രശസ്ത ജെമൈക്കൻ അമേരിക്കൻ ഫോട്ടോഗ്രാഫറായ റെനീ കോക്സ്സിനാണ് ഭക്ത്യാദരങ്ങളോടെ സമർപ്പിച്ചിരിക്കുന്നത്. 1996 ലെ ആ വിവാദ ചിത്രത്തിന്റെ പേരുതന്നെയാണ് കവിതയ്ക്കും നൽകിയിരിക്കുന്നത്. ഈ ചിത്രം ന്യൂയോർക്കിലെ ബ്രൂക്കിളിൻ മ്യൂസിയം ഓഫ് ആർട്ടിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ അന്ത്യ അത്താഴം ചിത്രീകരിക്കുന്ന ഈ കൂറ്റൻ ഫോട്ടോഗ്രാഫിൽ പന്ത്രണ്ട് കറുത്ത ശിഷ്യന്മാർക്ക് നടുവിൽ ക്രിസ്തുവിനെ നഗ്നയായ ഒരു നീഗ്രോ യുവതിയായി ചിത്രീകരിച്ചിരുന്നു.

ചിത്രത്തിൽ നഗ്നക്രിസ്തുവായി പ്രത്യക്ഷപ്പെടുന്നത് റെനീ കോക്സ്സ് തന്നെയാണ്. യൂദാസിനെ വെള്ളക്കാരനായും ചിത്രീകരിച്ചിരിക്കുന്നു.









‘നിന്റെ
മേൽച്ചുണ്ടിൽ
നിന്ന്
എന്റെ
കീഴ്ച്ചുണ്ടിലേക്ക്
ഒരു ചുംബനം
‘ഡൗൺലോഡ്’ ചെയ്യപ്പെടുന്നു.’എന്ന് ‘പ്രണയം പ്രത്യുത്പാദനം പ്രതിവിപ്ളവം;’ എന്ന കവിതയിൽ കാണുന്നു. മലയാള ഭാഷയുടെ വളർച്ചയിലും വികാസത്തിലും അന്യഭാഷകളിൽ നിന്നുള്ള പദസ്വീകരണം (Borrowing of words) വളരെ വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്. അന്യഭാഷകളിൽ നിന്ന് വാക്കുകൾ കടം കൊള്ളുന്നതിനേക്കുറിച്ച് വിഭിന്നാഭിപ്രായമുണ്ടാകാം. നല്ല മലയാളത്തിൽ കവിത എഴുതിയിരിക്കുമ്പോഴും വളരെ സ്വാഭാവികമാവും വിധം ഇംഗ്ളീഷ് വാക്കുകളും വാചകങ്ങളും കവിതയിൽ മലയാളം അക്ഷരങ്ങളിൽ വായിക്കാനാവും. അതേ കവിതയിൽ തുടർന്ന് വായിക്കാം.

അറ്റാച്ച് മെയിൽ
ഒരു ‘സിപ്പ്ഫയൽ’ നിറയെ
പ്രണയഭൂണങ്ങൾ
(അൺസിപ്പ് വിത്ത് വിൻസിപ്പ് ഓൺലി)

ഇന്നലെകളിൽ മലയാളികൾ ഇംഗ്ലീഷിൽ നിന്ന് വാക്കുകൾ കടം കൊണ്ടിരുന്നത് മാന്യതയുടെ മൂടപടമണിഞ്ഞു കൊണ്ടാണ്. ഈ കവിതകളിൽ ആഴങ്ങളിലേക്ക് പോകാനാണ് ഈ പരകീയ പദങ്ങൾ ആദേശം ചെയ്യപ്പെടുന്നത്. അത്തരം വാക്കുകളൊക്കെ സ്വന്തമാക്കി മലയാളഭാഷ വളർന്നു കൊണ്ടേയിരിക്കുന്നു. അങ്ങനെ ഭാഷയുടെ വളർച്ചയ്ക്കും ഈ കവിതകൾ സഹായിക്കുന്നു എന്നത് കാണാതെ പോകാനാവില്ല.

‘പർദ്ദയിൽ-
പ്പൊതിഞ്ഞ്
അടുക്കളയിൽ
അടക്കിയ
ശ്വസിക്കുന്ന ‘മമ്മി’ യെ ‘വിഘ് ന ബുദ്ധൻ’ എന്ന കവിതയിൽ കാണാം.

‘ദൈവഭയമകറ്റാൻ
ദ്രാവകരൂപിയായ
ദൈവത്തിൽ
നക്ഷത്രപ്പൊടികളായ്
പാറി വീണ്
അതിനെ ഖരമാക്കുക...
‘ലുക്ക് നീത്ഷേ
നൗ ഗോഡ് ഈസ്
പെർമെനന്റെലി
ഡിലീറ്റഡ്’
എന്ന് ‘ഖരം ദ്രാവകം ദൈവം’ എന്ന കവിതയിൽ വായിക്കുന്നു.

ഫിലഡൽഫിയായിൽ പത്രപ്രവർത്തകനായിരുന്ന ശബ്ദരഹിതരുടെ ശബ്ദം എന്ന് അറിയപ്പെട്ടിരുന്ന മൂമിയ അബു ജമാൽ എന്ന ബ്ളാക് പാന്തർ മുൻ നേതാവ് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് അമേരിക്കൻ ജയിലിൽ കഴിഞ്ഞിരുന്ന കാലത്ത് 1998 ൽ എഴുതിയതാണ് ‘ശബ്ദരഹിതരുടെ ശബ്ദം’ എന്ന കവിത. ഇപ്പോൾ തന്റെ 72 ആം വയസ്സിലും പരോളില്ലാതെ ജമാൽ ജീവപര്യന്തം തടവടയിൽ തന്നെയാണ്.

ആശയ സമ്പുഷ്ടമായ വ്യത്യസ്തമായ വായനകൾ സാധ്യമാക്കുന്ന 42 കവിതകളുടെ ഈ സമാഹാരം തൃശ്ശൂർ നിന്നുള്ള കറന്റ് ബുക്സാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. കോസ്മോ ബുക്സ് ഈ പുസ്തകം വിതരണം ചെയ്യുന്നു. 98 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 50 രൂപയാണ്.

## ജയൻ കെ. സി.

(ജയൻ കെ. ചെറിയാൻ)



എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയിൽ 1966 മാർച്ച് 5 നു ജനിച്ചു. രണ്ടാറ്റിൻകര കളപ്പുരയ്ക്കൽ ചെറിയാൻ, കോതമംഗലം മാലിയിൽ മേരി എന്നിവർ മാതാപിതാക്കൾ. ഗവ. എൽ. പി. സ്കൂൾ കാരിമറ്റം, സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ ആയവന, മാർ ബേസിൽ ഹൈസ്കൂൾ കോതമംഗലം, നിർമ്മല കോളേജ് മൂവാറ്റുപുഴ എന്നിവിടങ്ങളിലായി വിദ്യാഭ്യാസം.

1990 ൽ കുടുംബസമേതം അമേരിക്കയിലെത്തി. ന്യൂയോർക്ക് സിറ്റി യൂണിവേഴ്സിറ്റിയുടെ ഹണ്ടർ കോളേജിൽ നിന്ന് ഫിലിം മിലും ക്രിയേറ്റീവ് റൈറ്റിങ്ങിലും ബിരുദങ്ങൾ, സിറ്റി കോളേജ് ഓഫ് ന്യൂയോർക്കിൽ നിന്ന് ഫിലിം മേക്കിങ്ങിൽ ബിരുദാനന്തര ബിരുദം. ക ബോഡിസ്കേപ്സ്, പപ്പിലിയോ ബുദ്ധ, ഷെയ്പ് ഓഫ് ദ ഷെയിപ്പ്ലെസ്സ്, റിഥം ഓഫ് ദമ്മാം എന്നിവ പ്രധാന സിനിമകൾ. നിരവധി ലോകമേളകളിലേക്ക് സിനിമകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

2012ൽ ആദ്യ ചിത്രമായ ‘പപ്പിലിയോ ബുദ്ധ’ സംവിധാനം ചെയ്തു. പരിസ്ഥിതി പ്രവർത്തകനായ കല്ലേൽ പൊക്കുടൻ, തമ്പി ആന്റണി, പത്മപ്രിയ എന്നിവരായിരുന്നു ചിത്രത്തിലെ പ്രധാന അഭിനേതാക്കൾ. വയനാട്ടിലെ ആദിവാസി ഭൂമിപ്രശ്നവും അതിനെ തുടർന്ന് ദളിതർ ബുദ്ധമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നതുമാണ് ചിത്രത്തിന്റെ ഇതിവൃത്തം. ചിത്രത്തിന് 2012 ലെ സംവിധാനത്തിനുള്ള കേരള സർക്കാരിന്റെ പ്രത്യേക ജൂറി പുരസ്കാരം ലഭിച്ചിരുന്നു.

കേരളത്തിലും അമേരിക്കയിലും ആനുകാലികങ്ങളിൽ ലേഖനങ്ങളും കവിതയും എഴുതുന്നു. അയനം വചന രേഖയിൽ എന്ന കവിതാ സമാഹാരത്തിന് 2003 ലെ കേരള സാഹിത്യ അക്കാദമിയുടെ കനകശ്രീ എൻഡോവ്മെന്റ് അവാർഡ് ലഭിച്ചു. നിരവധി പുരസ്കാരങ്ങൾ പുസ്തകങ്ങൾക്കും സിനിമയ്ക്കും ലഭിച്ചിട്ടുണ്ട്. അമേരിക്കയിലെ വിവിധ സാഹിത്യ സാമൂഹ്യ സംഘടനകളിൽ സജീവമാണ്.

ആയോധനത്തിന്റെ അച്ചുതണ്ട് (1996), അയനം വചനരേഖയിൽ (1999), പോളിമോർഫിസം (2002), പച്ചയ്ക്ക് (2006) എന്നീ കവിതാ സമാഹാരങ്ങൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു.

പപ്പിലിയോ ബുദ്ധ, കബോഡി സ്കേപ്സ് എന്നീ സിനിമകളുടെ തിരക്കഥ പുസ്തകരൂപത്തിൽ ലഭ്യമാണ്.

ന്യൂയോർക്കിൽ കുടുംബസമേതം താമസിക്കുന്നു. കൂട്ടുകാരി :- നിഷ, മക്കൾ :- ഗാർഗ്ഗി, ഗാഥ. email :- jayankc@aol.com

emalayalee.com

# GREAT NEWS!

Now You Can
INSTANTLY
PLACE YOUR ADVT or
BOOK YOUR AD SPACE
on eMalayalee.com




Just Click
eMalayalee.com/Advertise

# സതീശനെ സ്വസ്ഥമായി ഭരിക്കാൻ അനുവദിക്കൂ



**ജോർജ്ജ് എബ്രഹാം**
വൈസ് ചെയർമാൻ,
ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്, യു.എസ്.എ.

മുഖ്യമന്ത്രി വി.ഡി. സതീശനെതിരെ യു.ഡി.എഫ് കൺവീനർ അടൂർ പ്രകാശ് അടുത്തിടെ നടത്തിയ പരസ്യ വിമർശനം നിർഭാഗ്യകരവും എന്റെ കാഴ്ചപ്പാടിൽ അനാവശ്യവുമാണ്. മതിയായ കൂടിയാലോചനയില്ലാതെ സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നുവെന്ന് കരുതുന്നുവെങ്കിൽ, അതേക്കുറിച്ച് ആശങ്കകൾ ഉന്നയിക്കാൻ അദ്ദേഹത്തിന് പൂർണ അവകാശമുണ്ട്. ഒരു രാഷ്ട്രീയ പാർട്ടിക്കുള്ളിലെ ആഭ്യന്തര ജനാധിപത്യത്തിന്റെ ഭാഗമാണത്. പ്രത്യേകിച്ച് യു.ഡി.എഫ് പോലൊരു മുന്നണിയിൽ അതിന് ഏറെ പ്രാധാന്യമുണ്ട്. എന്നാൽ, ഇത്തരം പരാതികൾ പാർട്ടിയിലും മുന്നണിയിലും ആവശ്യമായ ചർച്ചകൾക്ക് വിധേയമാക്കുന്നതിന് മുമ്പ് തന്നെ പരസ്യമായി ഉന്നയിക്കേണ്ടതുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്.

ഇത്തരം അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാൻ കോൺഗ്രസിന് ആവശ്യത്തിന് ഫോറങ്ങളുണ്ട്. കെ.പി.സി.സി., യു.ഡി.എഫ് നേതൃത്വം, ആവശ്യമെങ്കിൽ കോൺഗ്രസ് ഹൈക്കമാൻഡ് എന്നിവയിലൂടെ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യാം. സർക്കാർ അധികാരത്തിലെത്തി പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുകയും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ സ്വന്തം മുഖ്യമന്ത്രിയെ പരസ്യമായി വിമർശിക്കുന്നത് പാർട്ടിക്കോ സർക്കാരിനോ യാതൊരു ഗുണവും ചെയ്യില്ല. മറിച്ച്, അത് പ്രതിപക്ഷത്തിന് പരിഹസിക്കാൻ അവസരം നൽകുകയും കോൺഗ്രസിലെ പഴയ ഗ്രൂപ്പ് പോരുകൾ വീണ്ടും തിരിച്ചെത്തിയെന്ന പ്രതീതി



സൃഷ്ടിക്കുകയും ചെയ്യും. അത്തരമൊരു സാഹചര്യം നിർഭാഗ്യകരമാണ്.

കാരണം, പത്ത് വർഷത്തെ ഇടതുപക്ഷ ഭരണത്തിന് ശേഷം കേരളത്തിലെ ജനങ്ങൾ യു.ഡി.എഫിന് വലിയൊരു ഭൂരിപക്ഷമാണ് നൽകിയത്. ആഭ്യന്തര തർക്കങ്ങൾക്കും വ്യക്തിപരമായ ഏറ്റുമുട്ടലുകൾക്കും വേണ്ടിയല്ല അവർ വോട്ട് ചെയ്തത്. മാറ്റത്തിനും സുസ്ഥിരമായ ഭരണത്തിനും സംസ്ഥാനത്തെ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങളിൽ നിർണായകമായി ഇടപെടുന്ന ഒരു സർക്കാരിനും വേണ്ടിയാണ് പ്രതീക്ഷയോടെ അവർ വോട്ട് ചെയ്തത്.



വി.ഡി. സതീശൻ യാദൃച്ഛികമായല്ല മുഖ്യമന്ത്രിയുടെ സ്ഥാനത്തെത്തിയത്. വർഷങ്ങളോളം പിണറായി വിജയൻ സർക്കാരിനെതിരെ പ്രതിപക്ഷ പോരാട്ടത്തിന് അദ്ദേഹം നേതൃത്വം നൽകി. ആ പോരാട്ടത്തിന്റെ ഏറ്റവും ശ്രദ്ധേയമായ മുഖമായി അദ്ദേഹം മാറുകയും ചെയ്തു. തിരഞ്ഞെടുപ്പ് വിജയത്തിന് പിന്നാലെ അദ്ദേഹത്തിന് അനുകൂലമായ ശക്തമായ ജനവികാരവും ഉണ്ടായിരുന്നു.

പോരാട്ടത്തിന് നേതൃത്വം നൽകിയ വ്യക്തിയെ തന്നെ സർക്കാരിനും നേതൃത്വം നൽകാൻ അനുവദിക്കണമെന്നായിരുന്നു നിരവധി സാധാരണ കോൺഗ്രസ് പ്രവർത്തകരുടെയും പാർട്ടിക്ക് പുറത്തുള്ളവരുടെയും നിലപാട്.

എന്നാൽ, സതീശനെ മുഖ്യമന്ത്രിയാക്കുന്നതിൽ കോൺഗ്രസിനുള്ളിൽ എല്ലാവരും ആവേശഭരിതരായിരുന്നില്ലെന്നതും രഹസ്യമല്ല. മറ്റ് അവകാശവാദികളും വ്യത്യസ്ത ഗ്രൂപ്പുകളും ഉണ്ടായിരുന്നു. രാഷ്ട്രീയത്തിൽ അതൊന്നും അസാധാരണമായ കാര്യമല്ല. എന്നാൽ, പാർട്ടി നേതൃത്വം തീരുമാനം കൈക്കൊണ്ട് സതീശൻ മുഖ്യമന്ത്രിയായിക്കഴിഞ്ഞാൽ, എല്ലാവരും അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിവെച്ച് അദ്ദേഹത്തിന് ഭരിക്കാൻ ന്യായമായ അവസരം നൽകുമെന്നാണ് പ്രതീക്ഷിക്കപ്പെട്ടത്.

നിർഭാഗ്യവശാൽ, കേരളത്തിലെ കോൺഗ്രസിന്റെ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്ന ദൗർബല്യങ്ങളിലൊന്നാണ് ഗ്രൂപ്പ് പോര്. രാഷ്ട്രീയ എതിരാളികളോട് പോരാടാൻ ചെലവഴിക്കുന്നതിനേക്കാൾ കൂടുതൽ ഊർജം പലപ്പോഴും നേതാക്കൾ പരസ്പരം പോരാടാനാണ് ചെലവഴിച്ചിട്ടുള്ളത്. ഈ പ്രവണത കഴിഞ്ഞ കാലങ്ങളിൽ പലതവണ പാർട്ടിക്ക് തിരിച്ചടിയായിട്ടുണ്ട്. നിർണായകമായ ഒരു തിരഞ്ഞെടുപ്പ് വിജയത്തിന് തൊട്ടുപിന്നാലെ അതേ പെരുമാറ്റം വീണ്ടും തുടങ്ങുകയാണെങ്കിൽ, പ്രതിപക്ഷത്തിരുന്ന വർഷങ്ങളിൽ നിന്ന് കോൺഗ്രസ് എന്തെങ്കിലും പഠിച്ചിട്ടുണ്ടോ എന്ന് ജനങ്ങൾ സ്വാഭാവികമായും ചോദിക്കും.

കൂടിയാലോചന സംബന്ധിച്ച് ന്യായമായ പരാതികൾ ഉണ്ടാകാം. ഒരു മുന്നണി സർക്കാരിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രി സഹപ്രവർത്തകരെയും സഖ്യകക്ഷികളെയും കേൾക്കേണ്ടതുണ്ട്. സതീശൻ അത് ചെയ്യണം. ചുറ്റുമുള്ളവരിൽ നിന്ന് സ്വയം അകന്നുനിന്നുകൊണ്ട് ഒരു നേതാവിനും ഫലപ്രദമായി ഭരിക്കാനാവില്ല. എന്നാൽ, ഓരോ തീരുമാനവും വിവിധ ഗ്രൂപ്പുകളുടെയും വ്യക്തിഗത താൽപര്യങ്ങളുടെയും സമ്മർദത്തിന് വിധേയമാകുന്നതല്ല കൂടിയാലോചനയുടെ




**ഇപ്പോൾ സതീശന്റെ വീഴ്ചകൾ കണ്ടെത്താൻ തിടുക്കം കാണിക്കുന്ന പലരും, കഴിഞ്ഞ പത്ത് വർഷത്തിനിടെ കോൺഗ്രസ് പ്രതിപക്ഷത്തിരുന്ന് പിണറായി വിജയൻ സർക്കാരിനെതിരെ പോരാടുമ്പോൾ ഇത്രയും ശബ്ദമുയർത്തിയിരുന്നില്ല. നിയമസഭയ്ക്കകത്തും പുറത്തും സതീശൻ സർക്കാരിനെതിരെ പോരാട്ടം നയിക്കുമ്പോൾ, മറ്റു പലരും താരതമ്യേന നിശ്ശബ്ദരായിരുന്നു.**

അർഥം. ഒരു സർക്കാരിന് നേതൃത്വം, ദിശാബോധം, തീരുമാനമെടുക്കാനുള്ള ശേഷി എന്നിവയും ആവശ്യമാണ്.

ജോലിക്ക് ആവശ്യമായ ബൗദ്ധികശേഷിയും വാഗ്മിത്വവും മറ്റുള്ളവരെ ബോധ്യപ്പെടുത്താനുള്ള കഴിവും കോൺഗ്രസ് ആശയങ്ങളോടുള്ള പ്രതിബദ്ധതയും സതീശനുണ്ട്. പ്രതിപക്ഷ നേതാവായിരുന്ന വർഷങ്ങളിൽ ഒരു നിലപാട് സ്വീകരിക്കാനും അത് ശക്തമായി സംരക്ഷിക്കാനും അദ്ദേഹം തയ്യാറാണെന്ന് തെളിയിച്ചിട്ടുമുണ്ട്. രാഷ്ട്രീയമായി ഏറെ വെല്ലുവിളികൾ നിറഞ്ഞ കേരളം പോലൊരു സംസ്ഥാനത്തെ നയിക്കുമ്പോൾ ഈ ഗുണങ്ങൾ പ്രധാനമാണ്.

അദ്ദേഹത്തിന് തെറ്റുകൾ സംഭവിക്കും. എല്ലാ മുഖ്യമന്ത്രിമാർക്കും സംഭവിക്കാറുണ്ട്. തെറ്റ് മനുഷ്യസഹജമാണ്. സഹപ്രവർത്തകരായ കോൺഗ്രസ് നേതാക്കൾ അദ്ദേഹത്തിന്റെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതിലോ അദ്ദേഹത്തോട് വിയോജിക്കുന്നതിലോ തെറ്റില്ല. എന്നാൽ, ഒരു നേതാവിനെ തിരുത്തുന്നതും അദ്ദേഹത്തെ ദുർബലപ്പെടുത്താൻ ശ്രമിക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. സതീശനെ മുഖ്യമന്ത്രിയാക്കുന്നതിൽ അതൃപ്തിയുള്ളവർ അദ്ദേഹത്തെ ദുർബലപ്പെടുത്താനുള്ള അവസരമായി ഓരോ തെറ്റിനെയും കാണാൻ തുടങ്ങിയാൽ, അതിന്റെ പ്രത്യാഘാതം സതീശന് മാത്രമല്ല, കോൺഗ്രസിനും യു.ഡി.എഫിനും തന്നെയായിരിക്കും.

ഇവിടെ മറ്റൊരു വിരോധാഭാസവുമുണ്ട്. ഇപ്പോൾ സതീശന്റെ വീഴ്ചകൾ കണ്ടെത്താൻ തിടുക്കം കാണിക്കുന്ന പലരും, കഴിഞ്ഞ പത്ത് വർഷത്തിനിടെ കോൺഗ്രസ് പ്രതിപക്ഷത്തിരുന്ന് പിണറായി വിജയൻ സർക്കാരിനെതിരെ പോരാടുമ്പോൾ ഇത്രയും ശബ്ദമുയർത്തിയിരുന്നില്ല. നിയമസഭയ്ക്കകത്തും പുറത്തും സതീശൻ സർക്കാരിനെതിരെ പോരാട്ടം നയിക്കുമ്പോൾ, മറ്റു പലരും താരതമ്യേന നിശ്ശബ്ദരായിരുന്നു.

അതുകൊണ്ടുതന്നെ, അദ്ദേഹത്തെ മുഖ്യമന്ത്രിയാക്കിയതിൽ ഇപ്പോഴും അസന്തുഷ്ടരായവർ യാഥാർഥ്യബോധത്തോടെ ചിന്തിക്കേണ്ട സമയമാണിത്. വ്യക്തിപരമായ അഭിലാഷങ്ങൾക്കും പഴയ ഗ്രൂപ്പ് താൽപര്യങ്ങൾക്കും ജനങ്ങൾ നൽകിയ അവസരം നശിപ്പിക്കാൻ അനുവദിക്കരുത്. കേരളത്തിലെ വോട്ടർമാർ ഈ സർക്കാരിൽ വിശ്വാസം അർപ്പിച്ചിരിക്കുകയാണ്. അവർ അതിനുള്ള ഫലമാണ് പ്രതീക്ഷിക്കുന്നത്.

അതുകൊണ്ട്, മുഖ്യമന്ത്രിക്ക് പിന്നിൽ കോൺഗ്രസ് നേതൃത്വം ഉറച്ചുനിൽക്കുകയും ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റാൻ അദ്ദേഹത്തെ സഹായിക്കുകയും വേണം. വിമർശനം ക്രിയാത്മകമായിരിക്കണം. അഭിപ്രായ വ്യത്യാസങ്ങൾ ആഭ്യന്തരമായി ചർച്ച ചെയ്യണം.

മുന്നണി പങ്കാളികളുമായി തീർച്ചയായും കൂടിയാലോചന നടത്തണം. എന്നാൽ, സ്വന്തം സർക്കാരിനെ പരസ്യമായി വിമർശിക്കുകയും ദുർബലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നതിന് ഒടുക്കം കോൺഗ്രസിന് വലിയ വില നൽകേണ്ടിവരും.

സതീശൻ പോരാട്ടത്തിന് നേതൃത്വം നൽകി. ഭരിക്കാനുള്ള അവസരം അദ്ദേഹം നേടിയെടുത്തു. അദ്ദേഹത്തിന് ആവശ്യമുള്ളപ്പോൾ ഉപദേശം നൽകണം. തെറ്റുപറ്റുമ്പോൾ തിരുത്തുകയും വേണം. എന്നാൽ, നേതൃത്വം നൽകാനുള്ള രാഷ്ട്രീയപരമായ ഇടം അദ്ദേഹത്തിന് നൽകുകയും വേണം.

അദ്ദേഹത്തെ സ്വസ്ഥമായി ഭരിക്കാൻ അനുവദിക്കൂ.


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us